HYDEL BULLET

Issue - 5, Vol - 12, June 2024

A Monthly Publication of the Kerala State Elecrictiy Board Engineers' Association



KSEBEA Team welcoming our new CMD KSEBL Sri. Biju Prabhakar IAS

Thiruvananthapuram Unit AGB Meeting

Idukki Unit AGB Meeting

Thrissur Unit AGB Meeting

KSEB Engineers' Association Office Bearers 2023 - 24

ASSOCIATION

President
Er G Shaj Kumar

Vice-Presidents
Er Viji Prabhakaran (South)
Er Haripradad M (North)

General Secretary
Er M Muhammad Rafi

Treasurer
Er Anoop Vijayan

Organizing Secretaries
Er Nishanth B (South)
Er Sajithkumar M (North)

Secretaries
Er Kunjunni P S (HQ)
Er Induchoodan D R (South)
Er Shameer N (North)

BENEVOLENT FUND

Chairman
Er Jayasankar K R

Vice Chairman
Er Subha T G

Secretary
Er Haridas Vijayan

Treasurer
Er Pradeep S V

Joint Secretaries
Er Anoop A (South)
Er Smruthi M (North)

EDITORIAL BOARD

Chief Editor
Er Rajesh D S

Associate Editors
Er Mahesh T
Er. Sarath Dev
Er Divya Ramadas C
Er Preetha D

Ex. Officio Members
Er Induchoodan D R
Er Kunjunni P S

HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Issue - 5 Vol - 12 June 2024

Editorial

A Welcome Change

KSEBL has recently undergone another significant change in its top management. Sri Rajan Khobragade IAS, who took charge as CMD in August 2022, has been replaced by Sri Biju Prabhakar IAS. It's been nearly two decades since IAS officers were appointed as CMDs of this major engineering organization in the state. In comparison, other central utilities like NTPC, NHPC, and PGCIL are typically led by engineers with distinguished careers. It is a welcome change that our new CMD is also an engineer turned bureaucrat, having completed his chemical engineering from TKM Engineering College, Kollam. Numerous organizational and management challenges in the Kerala State Electricity Board Ltd remain to be addressed.

Association believes that a PSU like KSEBL cannot be managed like a Secretariat department. KSEBL's core operations involve daily field activities to Generate, Transmit, and Distribute electricity to the State's residents with lot of associated activities. Therefore, priority should be given to enhancing the quality and reliability of these field activities, rather than focusing on bureaucratic procedures that hinder these operations.

Generation projects viz Bhoothathankettu, Pallivasal extn, Thottiyar are continuously delayed, with no accountability for these setbacks. Kerala has the potential to utilize 3000 TMC of water for generating electricity, yet only 300 TMC is currently used for hydro projects. About 1000 MW of

electricity can be generated using Pumped Solar Hydro Projects, where cheap solar power during the day can be used to pump water into reservoirs and then use the pumped water to rotate turbines during peak times. This untapped potential could significantly reduce our power purchase costs. Hence, the new CMD should prioritize initiating new projects and expediting delayed ones.

The next focus should be on managing power purchase costs, which account for 60% of KSEBL's expenses. During 2021-22, KSEBL had achieved operational profit mainly by regulating power purchase and proper water management. Internal generation was maximised during then water year completely utilised the opportunity and allowing KSEBL to sell cheaper hydro power in the market when demand was high in North India. We urge the new CMD to focus on regulating power purchase by proper planning and entering into early Power Purchase Agreements and thereby controlling higher power purchase costs along with the obtaining flexibility in managing the grid. Effective coordination with the Load Despatch Center and Commercial wing will ensure optimized purchase costs, saving KSEBL crores of rupees.

Attention should also be given to employee costs in the O&M sector. Since 2013, when KSEBL became a corporate company, there have been efforts to restructure the organization based on a need-based analysis of functions and employee placement. Although several committees, including IIM Kozhikode, have submitted restructuring reports, the top management has yet to implement these proposals. We request the new CMD to implement the restructuring proposals promptly. While trade unions have some concerns about the Distribution SBU proposal, there is a general consensus on implementing the restructuring proposals in the other sectors which can definitely achieve higher efficiency in the organisation.

The Full Time Directors (FTD) meetings, typically held weekly, were halted in July 2023 without valid reasons. We strongly demand that these FTD meetings be reinstated promptly. These meetings provided a regular forum for directors to discuss KSEBL's issues and find solutions through joint decision-making. Many excellent decisions affecting daily operations have emerged from these meetings in the past, gaining significant advantages for KSEBL.

Another area of focus should be the centrally sponsored schemes, primarily the RDSS schemes, which include distribution works, sub-transmission works, and the Smart Meter AMI Project. Unfortunately, the Smart Meter AMI project was stalled in 2023 due to the government's decision to cancel the TOTEX mode of implementation, opting instead for the CAPEX mode. It wasn't until May 2024 that the Full Board of KSEBL approved the project. It's disheartening that the project, which was on the verge of implementation in 2022, remains in the same state two years later. We request the CMD to prioritize this project, set clear deadlines for the IT wing, and ensure its urgent implementation. Progress on the distribution and sub-transmission components also needs to be accelerated.

KSEBL has been attempting to revamp its procurement process since 2008, with several reports, including one

CONTENTS

01 – *Page 6*
തീജ്വാല
പീക്ക് നൽകിയ വീക്ക്
Er എൻ.ടി. ജോബ്

02 – *Page 9*
കേരളത്തിന്റെ വൈദ്യുത താരിഫ് സങ്കീർണ്ണതയുടെയും കെടുകാര്യസ്ഥത യുടെയും നേർകാഴ്ചകൾ - 2
Er സി.പി.ജോർജ്

03 - *Page 15 (കവിത)*
വിടപറയും മുൻപേ
Er മഹേഷ് റ്റി.

04 - *Page 16*
(സുഭാഷിതം)
പ്രശ്നങ്ങൾ പങ്കുവയ്ക്കുക
Er കെ. ശശിധരൻ

05 - *Page 17*
ചികിത്സാരംഗത്തെ ചൂഷണങ്ങൾ
Er ഇ.എം. നസീർ

06 - *Page 20*
Needs,Wants & Desires
Er Thomas Kolanjikombil

07 - *Page 22*
അജ്ഞാതനായ മഹാൻ
Er യു.എസ്. രവീന്ദ്രൻ

08 - *Page 26*
പ്രൊഫഷണലിസം - അതിന്റെ പോരോ പീഡനം ?
അനാമിക

09 - *Page 28 (കവിത)*
അഭിനയം പൂത്ത അരങ്ങുകൾ
Er സുരേഷ്കുമാർ

10 - *Page 30*
ഗാനമാധുരി **16**
വിഷു - ആഘോഷവും ഐതീഹ്യവും പാട്ടുകളും
Er പി.വി. പ്രമോദ്

11 - *Page 33*
Energy Briefs -5
Er Subha T.G.

from M/s. Deloitte, still awaiting implementation. The previous CMD's attempt to reform the procurement process resulted in centralization rather than actual reform. All materials, regardless of their volume, were brought under centralized purchase as of April 1, 2024. Not a single purchase order has been placed since then. No software solution for speeding up the procurement process has been implemented, raising concerns that field activities may come to a standstill during the upcoming monsoon season. We urge the CMD to allow local purchase options until the new procurement systems and processes are fully established.

Lastly, we humbly request that the dearness allowance for employees, which has been pending since May 2021, be addressed. The TA & DA rates, unchanged since 2008 despite state government revisions every five years, also need to be updated. The Pension Master Trust, the separate funding agency for pensions, is in limbo. All employees, from chief engineers to electricity workers, are demoralized by the current state of affairs. We request honourable CMD to intervene and provide some financial relief to the employees and engineers of KSEBL through a phased approach and thereby increase the morale of the employees.

Association urges new CMD to take initiatives to properly restructure the organisation and elevate it to a truly professional one. Proper decision making can really turnaround our company, elevate the esteem of our employees in the public eye and can restore our organization to its former glory. Association extends its wholehearted support for all initiatives to bring change in the organisation.

✵

100 ലക്കം

തീജ്വാല

സാറിന്റെ നൂറാമത്തെ ലേഖനം എന്ന ശ്രദ്ധേയമായ നേട്ടത്തിന് അഭിനന്ദനം. തുടർച്ചയായ സഹകരണത്തിനും വിലമതിക്കാനാവാത്ത തീജ്വാലകൾക്കും ഞങ്ങളുടെ ഹൃദയംഗമമായ നന്ദി.

– എഡിറ്റോറിയൽ ബോർഡ്

Er എൻ.ടി. ജോബ്
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)
ntjobthirur@gmail.com

പീക്ക് നൽകിയ വീക്ക്

കാറ്റും കോളും അന്തരീക്ഷത്തിൽ നിറഞ്ഞതോടെ വേനലൊരു ഓർമ്മയായി മാറി. അടുത്ത വേനലു വരുന്നതുവരെ ആരും അത് ഓർക്കാറുമില്ല. പക്ഷെ ഇത്തവണ വേനൽ ഒരു ഒന്നൊന്നര വേനലായിപോയി എന്ന് എല്ലാവരും ഒരേ സ്വരത്തിൽ കക്ഷി വ്യത്യാസമില്ലാതെ, മത വ്യത്യാസമില്ലാതെ ജാതി വ്യത്യാസമില്ലാതെ പ്രായഭേദമന്യേ പറഞ്ഞു വെച്ചു. മുഖമടച്ച് അടികിട്ടിയതുപോലെയാണ് ബോർഡ് അത് നോക്കിനിന്നത്. 2023 ൽ തന്നെ അതിനു മുന്നിലത്തെ വർഷത്തിൽനിന്നും എഴുന്നൂറു മെഗാവാട്ട് കൂടി അയ്യായിരത്തി ഇരുപത്തി നാലു മെഗാവാട്ടിലാണ് കലാശകൊട്ട് അവസാനിച്ചത്. കഴിഞ്ഞ വർഷം ഇന്നത്തെ വേനലിന്റെ അവസ്ഥ ഇല്ലാതിരുന്നിട്ടുകൂടി എഴുന്നൂറു മെഗാവാട്ട് കൂടി അപ്പോൾ ഈ വർഷം എഴുന്നൂറു മെഗാവാട്ടുകൂടും എന്ന കണക്കുകൂട്ടാൻ സാമാന്യബോധം മതിയാവുമല്ലോ, പത്തുശതമാനം കൂടി കൂട്ടിയാൽ എഴുന്നൂറ്റി എഴുപതു മെഗാവാട്ടുകൂടുതൽ പ്രതീക്ഷിച്ചിരുന്നുവെങ്കിൽ ഞെട്ടലുണ്ടാവുമായിരുന്നില്ല. എന്നാൽ എല്ലാവരും ഞെട്ടി. ഈ വർഷം മെയ് മൂന്നിന് അയ്യായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റിയേഴു മെഗാവാട്ട് എത്തിയാണ് കലാശിച്ചത്. അടുത്ത വേനലിൽ കടുത്തവേനലാവുമോ എന്നറിയില്ലെങ്കിലും ഇപ്പോൾ കൂടിയതിന്റെ പത്തുശതമാനവും കൂടി എണ്ണൂറ്റി നാൽപതു മെഗാവാട്ട് കൂടി കൂട്ടി ആറായിരത്തി അറുന്നൂറ് മെഗാവാട്ടി ലേക്കെത്തുമെന്ന് പ്രതീക്ഷിക്കാതെ തരമില്ലല്ലോ. അതിനു നമ്മുടെ കൈയ്യിലെന്തു ണ്ടെന്ന് ആലോചിക്കുന്നത് നല്ലതാണ്. അങ്ങിനെയുള്ള ആലോചനകൾ മഴക്കാലത്തു മുങ്ങി പോവാനും പാടില്ല. അടുത്ത വേനലിൽ മുളച്ചു വന്നിട്ടും കാര്യമില്ല. നേരത്തെ തന്നെ കെ-സൂത്രണം വേണം.

ഈ വേനലുകടന്നുപോയപ്പോൾ ഒരു പാടു നാഴികകല്ലുകൾ സ്ഥാപിച്ചിട്ടാണ് കടന്നുപോയത്. പീക്ക് ഡിമാന്റ് റെക്കോർഡായി, പ്രതിദിന ഉപയോഗം റെക്കോർഡായി, പീക്ക് സമയം എന്നത് റെക്കോർഡ് സമയമായ ആറു മണിക്കൂറും കടന്ന് എട്ടുമണിക്കൂറായി. അന്തർ സംസ്ഥാന പ്രസരണ ലൈനുകൾ വഴി എത്തിചേർന്ന വൈദ്യുതിയുടെ അളവ് റെക്കോർഡിൽ അതോടൊപ്പം താപനില റെക്കോർഡായി. വിതരണ മേഖലയിൽ ട്രാൻസ്ഫോർമറുകൾ കേടാവുന്നത് റെക്കോർഡായി. ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവും ഈ വേനലിൽ റെക്കോർഡായി, അങ്ങനെ ഒരു പാടു റെക്കോർഡുകൾ സമ്മാനിച്ചുകൊണ്ട് ചൂടിന്റെ കാര്യത്തിലെങ്കിലും ഗൾഫ് മേഖലയെ നോക്കി പഠിക്കാൻ വൈകണ്ട എന്ന ഉപദേശവും തന്നിട്ടാണ് കടന്നുപോയി രിക്കുന്നത്. ഈ വേനലു തിരിച്ചു വരുമ്പോൾ കൈകാലിട്ടടിക്കാതെ സ്വാഗതം ചെയ്യുക യാണ് വേണ്ടത്. വലിയൊരു ബിസിനസ്സ് വേനലിൽ വരുന്നുണ്ടെന്ന് കണക്കുകൂട്ടി വേണം കാര്യങ്ങളെ നേരിടുവാൻ.

ഒന്നു രണ്ടു മൂന്നു കാര്യങ്ങൾ ഇത്തരുണത്തിൽ വിലയിരുത്തുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു. കഴിഞ്ഞ കുറച്ചു വർഷങ്ങളിലുണ്ടായ പീക്ക് ഡിമാന്റ് നോക്കുമ്പോൾ കൊറോണ വർഷങ്ങളിലൊഴിച്ച് കാര്യമായി കൂടിക്കൊണ്ടിരിക്കുന്നത് നമുക്കു കാണുവാൻ കഴിയും. കഴിഞ്ഞ അഞ്ചു വർഷങ്ങളിലുണ്ടായ പീക്ക് ഡിമാന്റും പ്രതിദിന ഉപയോഗവും ഇപ്രകാരമായിരുന്നു.

വർഷം	തീയതി	പീക്ക് ഡിമാന്റ് MW	പ്രതിദിന ഉപയോഗം MU
2019	13-4-2019	4,316	88.33
2020	18-03-2020	4,182	85.12
2021	17-03-2021	4,257	88.4
2022	27-4-2022	4,385	92.88
2023	18-04-2023	5,024	102.99
2024	21-03-2024	5,150	101.84
2024	03-05-2024	5,797	115.95

നമ്മുടെ ജലവൈദ്യുതി പദ്ധതികളിൽ നിന്നും ആയിരത്തി അറുന്നൂറു മെഗാവാട്ടാണ് ഉല്പാദിപ്പിക്കുന്നത്, സോളാർ വൈദ്യുതി പീക്ക് സമയത്ത് ലഭ്യമല്ലാത്തതുകൊണ്ട് സംസ്ഥാനത്തിനകത്തു നിന്നും ലഭ്യമാവുന്നത് ഇത്രമാത്രമാണ്. മിച്ചം വേണ്ട നാലായിരത്തി ഇരുന്നൂറുമെഗാവാട്ടും അന്തർ സംസ്ഥാന ലൈനുകൾ വഴി എത്തിച്ചേർന്നത് ഭാഗ്യം. എന്തുകൊണ്ടെന്നാൽ നമുക്ക് സംസ്ഥാനത്തിനു പുറത്തുനിന്നുകൊണ്ടു വരുവാൻ നിലവിൽ ലഭ്യമായിട്ടുള്ളത് നാലായിരത്തി ഇരുന്നൂറ്റി നാല്പതു മെഗാവാട്ട് മാത്രമാണ്. സ്വിച്ചിട്ടപോലെ അയ്യായിരത്തി എണ്ണൂറു മെഗാവാട്ടിൽ പീക്ക് ഡിമാന്റ് നിന്നത് പല സ്ഥലങ്ങളിലും സ്വിച്ച് ഓഫ് ചെയ്ത് കറന്റ് കട്ടാക്കിയപ്പോഴാണ്. അപ്പോൾ ഇനിയും പീക്ക് ഡിമാന്റ് കൂടിയാൽ നമ്മളെന്തു ചെയ്യും എന്നതാണ് ചോദ്യം. ഒന്നുകിൽ സംസ്ഥാനത്തിനകത്തുനിന്നും വൈദ്യുതി ഉല്പാദനം കൂട്ടണം; രണ്ടാമതായി അന്തർ സംസ്ഥാന ലൈനുകളുടെ ശേഷിക്കനുസരിച്ച് വൈദ്യുതി കൊണ്ടുവരുവാൻ സാധിക്കുന്ന അവസ്ഥ സൃഷ്ടിച്ചെടുക്കണം.

അന്തർ സംസ്ഥാന ലൈനുകളുടെ ശേഷി	6193 MW
കൊണ്ടുവരുവാൻ സാധിക്കുന്നത്	4240 MW

നമ്മുടെ സംസ്ഥാനം രാജ്യത്തിന്റെ ഒരറ്റത്തായതുകൊണ്ട്, എല്ലാ അന്തർ സംസ്ഥാന ലൈനുകളുടെയും അവസാനം നമ്മുടെ ഗ്രിഡിലാണ്. മറ്റു സംസ്ഥാനക്കാരെല്ലാം ലൈനുകളിൽ നിന്നും ഉപയോഗിച്ച് ശേഷിക്കുന്ന വൈദ്യുതി മാത്രമെ നമുക്കു കിട്ടുകയുള്ളു. ലൈനുകൾ ഓവർ ലോഡായി മാറും. ഇതു പരിഹരിക്കണമെങ്കിൽ മറ്റു സംസ്ഥാനങ്ങളുമായി ചർച്ച ചെയ്ത് നമുക്കു കിട്ടേണ്ട വിഹിതം കിട്ടുവാൻ വേണ്ട നടപടികളെടുക്കണം. അന്തർ സംസ്ഥാന ലൈനുകൾ നമുക്ക് ആവശ്യത്തിനുണ്ടെന്ന് മേനി പറഞ്ഞിട്ട് കാര്യമില്ല, ഇനിയും ലൈനുകൾ, പുതിയതായി വരേണ്ടിയിരി ക്കുന്നു. എങ്കിൽ മാത്രമെ ഈ ഞെരുക്കം മാറി കിട്ടുകയുള്ളു.

വേനലിൽ തീയുംപുകയും ഉണ്ടായ മറ്റൊരു വിഷയം സോളാറായിരുന്നു. അതിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്ന സോളാർ പാനലുകളാണ് നമ്മുടെ വിഷയം. സംസ്ഥാനത്തിനകത്ത് ആയിരം മെഗാവാട്ട് സോളാർ പാനലുകളുടെ ശേഷി എത്തി കഴിഞ്ഞു. ഒരു മെഗാവാട്ടിൽ നിന്നും നാലായിരം യൂണിറ്റ് ഒരു ദിവസം ലഭിക്കു മെന്നു കണക്കാക്കിയാൽ പ്രതിദിനം നാലു മില്യൻ യൂണിറ്റ് സോളാറിൽ നിന്നും ഉല്പാദിപ്പിക്കുന്നുണ്ട്. വർഷകണക്കിലെടുത്താൽ ആയിരത്തി അഞ്ഞൂറു മില്യൻ യൂണിറ്റ്. കേന്ദ്ര വിഹിതവും പവർ പർച്ചേസ് കരാറുകൾ വഴി ലഭ്യമാകുന്ന വൈദ്യുതിയും ജല വൈദ്യുത പദ്ധതികളിലൂടെ ലഭിക്കുന്ന

വൈദ്യുതിയും കൂടി ചേരുമ്പോൾ സോളാറിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിക്കു വാൻ സാധിക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം.

പുരപ്പുറ സോളാർ ഉപഭോക്താക്കൾ	1,70,000 Nos
സോളാർ പാനൽ	541 MW
ഗ്രൗണ്ട് സോളാർ	420 MW
ആകെ	961 MW

നിലവിൽ ആകെ ഉപഭോക്താക്കളുടെ എണ്ണമായ ഒരുകോടി മുപ്പത്തിയാറു ലക്ഷം വെച്ച് നോക്കിയാൽ ഒന്നരശതമാനം ഉപഭോക്താക്കൾ അവരുടെ കണക്റ്റഡ് ലോഡിനേക്കാൾ കുറവ് സോളാർ പാനൽ വെച്ചിരിക്കുന്നത്. ഒന്നര ശതമാനം ഉപഭോക്താക്കൾ സോളാർ പാനലുകൾ വെച്ചപ്പോഴേക്കും നമ്മുടെ സിസ്റ്റത്തിനു താങ്ങാനാവുന്നില്ല എന്നാണ് ചർച്ചകൾ നടക്കുന്നത്. ഇത്തരം ഉപഭോക്താക്കളെല്ലാം പീക്ക് സമയങ്ങളിൽ ഗ്രിഡിൽ നിന്നും വൈദ്യുതി തിരിച്ചെടുക്കുന്നുവെന്നതാണ് കാരണമായി പറയുന്നത്. ഏറികവിഞ്ഞാൽ നാലുമില്യൻ യൂണിറ്റ് മാത്രമാണ് ഇത്തര ത്തിൽ ഉപയോഗിക്കുന്നുണ്ടാവുക. രണ്ടായി രത്തിമുപ്പതോടു കൂടി ആകെ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവിൽ നിന്നും ജലവൈദ്യു തിയിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് കുറവ് ചെയ്താൽ കിട്ടുന്ന അളവിന്റെ അമ്പതുശതമാനം സോളാറിൽ നിന്നും ഉല്പാദിപ്പിക്കണമെന്നാണ് കേന്ദ്രനയം. മൂന്നു ശതമാനത്തിൽ നിൽക്കകള്ളിയില്ലാത്ത നമ്മൾ അമ്പതു ശതമാനത്തിലേയ്ക്കെത്തുമ്പോൾ എന്തായിരിക്കും സ്ഥിതി എന്നു ആലോചിക്കുന്നത് കൗതുകമാണ്.... സംസ്ഥാനത്തെ വൈദ്യുതിയുടെ പ്രതിവർഷ ഉപയോഗം ഇരുപത്തിയാറായിരം മില്യൻ യൂണിറ്റാണ് ആറുവർഷത്തിനുശേഷം പ്രതിവർഷം ആറു ശതമാനം വർദ്ധനവുകണക്കാക്കിയാൽ രണ്ടായിരത്തി മുപ്പതോടുകൂടി ഉപയോഗം മുപ്പത്തി അയ്യായിരം മില്യൻ യൂണിറ്റ് കുറവു ചെയ്താൽ ബാക്കിയാവുന്ന ഇരുപത്തിയെണ്ണായിരം മില്യൻ യൂണിറ്റിന്റെ അമ്പതുശതമാനമായ പതിനാലായിരം യൂണിറ്റ് സോളാറിൽ നിന്നും ഉല്പാദിപ്പിക്കണമെന്നാണ് കേന്ദ്രം നയമായി ഇറക്കിയിരിക്കുന്നത്. അതിനായി പതിനായിരം മെഗാവാട്ട് സോളാർ പാനലുകൾ സ്ഥാപിക്കണം. ഇതു കണ്ടപാടേ ആരും കെ-സൂത്രണം ചെയ്ത് സോളാർ പാനലുകൾ വാങ്ങാനായി പരിപാടിയിടരുതേ, അത് അതിന്റെ വഴിക്കു വന്നോളും ഇത്രയും സോളാർ കയറി വരുമ്പോൾ അത്. സ്വീകരിക്കുവാൻ നമുക്കു സംവിധാനങ്ങളില്ല എന്നതാണ് വിഷയം.പകൽ നേരങ്ങളിൽ വൈദ്യുതി ഉപയോഗിക്കണമെങ്കിൽ വ്യവസായ സ്ഥാപനങ്ങൾ കൂടുതലായി വേണം. കേരളത്തിൽ വ്യവസായ ആവശ്യത്തിനുള്ള വൈദ്യുതി ഉപയോഗം ഇരുപതു ശതമാനമാണ്. എന്നാൽ മറ്റു സംസ്ഥാനങ്ങളിലും അഖിലേന്ത്യാ ശരാശരിയും നോക്കിയാൽ നാല്പത്തിയൊന്നു ശതമാനമാണ്. ഈ അന്തരമാണ് സോളാർ വലിയ ഭീഷണിയായി നമുക്ക് അനുഭവപ്പെടുന്നത്. മറ്റു സംസ്ഥാനങ്ങളിൽ സോളാറിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിക്കുവാൻ വ്യവസായങ്ങളുണ്ട്. നമുക്കതില്ല എന്നതാണ് സത്യം. അങ്ങിനെയുള്ളപ്പോൾ സോളാർ വൈദ്യുതി ഉപയോഗിക്കുവാൻ ബാറ്ററി സ്റ്റോറേജും പമ്പ്ഡ് സ്റ്റോറേജും കൂടിയേതീരു, ആ വഴിക്കു മുന്നേറിയാൽ മാത്രമേ പ്രതിസന്ധി ഒഴിഞ്ഞു പോവുകയുള്ളു.

കേരളത്തിന്റെ വൈദ്യുത താരീഫ്: സങ്കീർണ്ണതയുടെയും കെടുകാര്യസ്ഥതയുടെയും നേർക്കാഴ്ചകൾ–2

Er സി.പി. ജോർജ്
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)

സോളാർ താരിഫിന്റെ സങ്കീർണ്ണതകൾ

1. വൈദ്യുതി താരീഫ്: നിയമങ്ങളും നയങ്ങളും നിർദ്ദേശങ്ങളും ചട്ടങ്ങളും സാമാന്യ യുക്തികളും.

വൈദ്യുതി നിയമത്തിലെ 61–ാം വകുപ്പിലെ (g) ഉപ വകുപ്പുപ്രകാരം വൈദ്യുതിയുടെ താരീഫ് അതിന്റെ ശരിയായ വിലയെ പ്രതിഫലിപ്പിക്കുന്നതാവണം. അതോടൊപ്പം കമ്മീഷൻ നിശ്ചയിക്കുന്നപ്രകാരം ക്രോസ്സ് സബ്സിഡി കുറയ്ക്കുന്ന രീതിയിലാവണം താരീഫ് ഘടന രൂപകൽപന ചെയ്യേണ്ടത്.

വൈദ്യുതി നിയമത്തിന്റെ 65–ാം വകുപ്പിന്റെ മൂന്നാം ഉപ വകുപ്പുപ്രകാരം താരീഫ് നിശ്ചയിക്കുമ്പോൾ ഏതെങ്കിലും ഒരു ഉപഭോക്താവിന് പ്രത്യേക പരിഗണനന പാടില്ല. പക്ഷേ ഉപഭോക്താവിന്റെ load factor, power factor, ഒരു നിശ്ചിത സമയദൈർഘ്യത്തിനുള്ളിൽ ഉപയോഗിച്ച വൈദ്യുതിയുടെ അളവ്, അല്ലെങ്കിൽ വൈദ്യുതി ആവശ്യപ്പെട്ടതും ഉപയോഗിച്ചതുമായ സമയം, അല്ലെങ്കിൽ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ ലൊക്കേഷൻ, കൊടുക്കുന്ന വൈദ്യുതിയുടെ സ്വഭാവം, വൈദ്യുതി ഉപഭോഗത്തിന്റെ ഉദ്ദേശം എന്നിങ്ങനെയുള്ള കാരണങ്ങളാൽ വൈദ്യുത താരീഫിൽ വ്യത്യസ്ഥത പരിഗണിക്കാവുന്നതാണ്.

ചുരുക്കിപ്പറഞ്ഞാൽ വൈദ്യുതിയുടെ താരീഫ് ഘടന വൈദ്യുതി ഉല്പാദിപ്പിച്ച് ഉപഭോക്താവിൽ എത്തിക്കുന്നതിനുവേണ്ട ചെലവിന്റെ അനുപാതത്തിൽ ആയിരിക്കണം എന്നുസാരം.

ഇവിടെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിന്റെയും താരീഫിന്റെയും അടിസ്ഥാന തത്വങ്ങൾ പ്രസക്തമാണ്.

രാജ്യത്തെ വൈദ്യുതി നിയമവും ഇലക്ട്രിസിറ്റി പോളിസിയും താരീഫ് നയവും CERC യുടെ മാനദണ്ഡങ്ങളും CEA-യുടെ ആസൂത്രണ മാനദണ്ഡങ്ങളും പരിഗണി

പൂർത്തീകരിക്കുവാനുള്ള ജലവൈദ്യുതി പദ്ധതികൾ കമ്മീഷൻ ചെയ്തും പുതിയ പദ്ധതികൾ ആരംഭിച്ചും അന്തർ സംസ്ഥാന ലൈനുകൾ കൂടുതലായി കൊണ്ടുവന്നും സോളാർ വഴി ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിക്കുന്നതിനായി പമ്പ്ഡ് സ്റ്റോറേജും ബാറ്ററി സ്റ്റോറേജും വികസിപ്പിച്ചെടുത്തും അടുത്ത വേനലിലെ വിളവെടുപ്പിനുവേണ്ടി കൈകോർക്കാം.

✵

സംസ്ഥാനം	വ്യവസായിക ഉപയോഗം % ശതമാനം
കേരളം	21
തമിഴ്നാട്	39.5
തെലുങ്കാന	25.4
കർണാടക	31.1
ആന്ധ്രാപ്രദേശ്	40.74
മഹാരാഷ്ട്ര	38.8
ഉത്തർപ്രദേശ്	24.8
അഖിലേന്ത്യ	41.35

ക്കാതെ 35 -ൽ അധികം വർഷം മുൻമ്പുള്ള താരീഫ് ഉത്തരവിന്റെ കോപ്പിയെടുത്തു വച്ച് ചിലരുടെ ഭാവനയ്ക്കും മനോധർമ്മത്തിനും അനുസരിച്ച് ചെറിയ മാറ്റങ്ങൾ വരുത്തി താരീഫ് ചട്ടങ്ങളും ഉത്തരവുകളും ഇറക്കുന്നതിന്റെ പ്രശ്നങ്ങളാണിവിട്ടുള്ളത്.

അത് ഇല്ലാതാവണം. എങ്കിൽ ലൈസൻസിയുടെ താരിഫ് വകുപ്പിലും KSERC യിലും രാഷ്ട്രീയ പരിഗണനകൾക്കും യൂണിയൻ പരിഗണനകൾക്കും അതീതമായി വൈദ്യുതി കാര്യങ്ങളെക്കുറിച്ച് അറിവും അനുഭവ ജ്ഞാനവും സ്വതന്ത്ര ചിന്തകളും ഉള്ളവരെ ബന്ധപ്പെട്ട താക്കോൽ സ്ഥാനങ്ങളിൽ നിയമിച്ച് അവരെ സ്വതന്ത്രമായി ജോലി ചെയ്യാൻ അനുവദിക്കണം. KSERC യും KSEB യും സ്വന്തംവേദികളിൽ സ്വതന്ത്രമായ ചർച്ചകളും അഭിപ്രായങ്ങളും അനുവദിക്കണം. കഴിവുള്ളവർക്ക് വില കൊടുക്കുന്ന സാഹചര്യം ഉണ്ടാക്കണം.

ഒരു സോളാർ (DISTRIBUTED GENERATION-DG) പ്രൊസ്യൂമറും ഒരു വൈദ്യുതി ഉൽപാദകനും ഒരു ഉപഭോക്താവും എങ്ങനെയാണ് ശൃംഖലയുടെ ശേഷി (grid) ഉപയോഗിക്കുന്നത് എന്നതിനനുസരിച്ചു വേണം (അതായത് cost involved in building and maintaining) പ്രസ്തുത entity യുടെ താരിഫ് നിശ്ചയിക്കപ്പെടേണ്ടത് എന്നത് വൈദ്യുതി നിയമത്തിലും രാജ്യത്തിന്റെ വൈദ്യുതി നയത്തിലും പറയുന്നുണ്ട്. അതിനപ്പുറം അതൊരു സാമാന്യ നീതിയുടെ യുക്തി കൂടിയാണ്. ഇതിനു പുറമെ അതെങ്ങനെ വേണം എന്നത് താരീഫ് പോളിസിയിൽ വിശദമാക്കുന്നുമുണ്ട്.

അത് നടപ്പാക്കുന്നതിന് വേണ്ട അടിസ്ഥാന frame work എന്താണ് എന്നത് വൈദ്യുതി നിയമവും ബന്ധപ്പെട്ട പോളിസികളും CEA യുടെ connectivity standards & Grid standards ഉം പരിഗണിച്ചുകൊണ്ട് CERC അവരുടെ വിവിധ താരീഫ് റഗുലേഷനുകളിലൂടെയും താരിഫ് ഉത്തരവുകളിലൂടെയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ extension/ പ്രതിഫലനം ആണ് two- part താരീഫ്.

അതായത് വൈദ്യുതി താരിഫിനെ പ്രധാനമായി രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അതിൽ ഒന്നാമത്തേത് ആണ് ഫികഡിഡ്ചാർജ്ജ്. ഉപഭോക്താവിന് ആവശ്യമായ വൈദ്യുതി ഉപഭോക്താവിൽ എത്തിക്കുന്നതിനോ (ഇറക്കുമതി), വൈദ്യുതി ഉൽപാദകരിൽ നിന്നും ശൃംഖലയിലേക്ക് ഇൻജെക്റ്റ് (കയറ്റുമതി) ചെയ്യുന്നതിനോ, രണ്ടിനുമോ വേണ്ടി ആവശ്യമായ ശൃംഖലാശേഷി നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും വേണ്ട ചെലവിന് ആനുപാതികമായിരിക്കണം ഫിക്സ്ഡ്ചാർജ്ജ്. അതായത് investment cost O&M Cost which include the salary cost also. ഇതിന്റെ പ്രതിവർഷം ഉള്ള പ്രതിഫലനമാണ് Annual fixed charge എന്നത്. അതിനെ മാസങ്ങളിലേയ്ക്ക് വിഭജിച്ചാണ് പ്രതിമാസ ഫികിസഡ് ചാർജ് നിശ്ചയിക്കേണ്ടത്.

അടുത്തത് Variable charge അഥവാ ഫ്യുവൽ ചാർജ്. ഇതിൽ fixed charge നിശ്ചയിക്കേണ്ടത് ബന്ധപ്പെട്ട entity ശൃംഖല എത്രമാത്രം സമയാധിഷ്ഠിതമായി ഉപയോഗിക്കുന്നു എന്നതിനനുസരിച്ചാണ്. അത് കൃത്യമായി കണക്കാനാവുന്ന മീറ്ററുകൾ ഉപയോഗിച്ചാൽ പ്രസ്തുത ഉപഭോക്താവ് / പ്രൊസ്യൂമർ / ഉൽപാദകൻ ഓരോ 15 മിനിറ്റു ബ്ലോക്കിലും ശൃംഖലയുടെ ശേഷി എത്രമാത്രം ഉപയോഗിക്കുന്നു എന്നതും ഉപയോഗിക്കുന്ന പരമാധിശേഷി (maximum demand) എത്ര എന്നതും കൃത്യമായി രേഖപ്പെടുത്തപ്പെടുത്തിയ വിവരം

ലഭ്യമാണ്. ശൃംഖല പരിപാലിക്കാൻ ലൈസൻസിക്ക് ആവശ്യമായ Annual Fixed Charge ഓരോ ഉപഭോക്താവിന്റെയും Maximum Demand-ന്റെ അനുപാതത്തിൽ വീതിക്കപ്പെടുന്നതാണ് മേഖലയിൽ പൊതുവേ അംഗീകരിക്കപ്പെട്ട രീതി.

ഒരു ഉപഭോക്താവ് സ്വന്തം ഉപയോഗത്തിന് ആവശ്യമായ വൈദ്യുതിക്കായി മാത്രം ശൃംഖല ഉപയോഗിക്കുമ്പോൾ ഒരു ഉൽപാദകൻ സ്വന്തം വൈദ്യുതി ഉപഭോക്താവിൽ എത്തിക്കാൻ ശൃംഖല ഉപയോഗിക്കുന്നു. എന്നാൽ ശൃംഖലയുമായി ബന്ധിച്ചിരിക്കുന്ന ഒരു പ്രൊസ്യൂമർ ബാങ്കിംഗ് സൗകര്യം ഉപയോഗിക്കുമ്പോൾ ശൃംഖലയുടെ ശേഷി സ്വയം ഉൽപാദിപ്പിച്ച വൈദ്യുതി ശൃംഖലയിലേയ്ക്ക് inject (കയറ്റുമതി) ചെയ്യുവാനും വൈദ്യുതി ഉപഭോഗത്തിന് വലിച്ചെടുക്കുവാനും (ഇറക്കുമതി) ഉപയോഗിക്കുന്നു.

ചുരുക്കിപ്പറഞ്ഞാൽ കയറ്റുമതി ചെയ്യാനും ഇറക്കുമതി ചെയ്യാനും ഉപയോഗിക്കുന്നതുകൊണ്ട് വൈദ്യുതി ശൃംഖലയുടെ ശേഷി ഉപയോഗിക്കുന്നതിന് അനുപാതത്തിൽ ഈടാക്കേണ്ട fixed charge പ്രൊസ്യൂമറിൽ നിന്നും അതനുസരിച്ചാണ് ഈടാക്കേണ്ടത് എന്നതിൽ തർക്കമില്ല.

ഒരു നെറ്റ് മീറ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള import MD യും Export MD യും പരിശോധിച്ചിട്ട് അവ നിർദിഷ്ട സമയദൈർഘ്യത്തിനനുസരിച്ച് (15 മിനിട്ട്സ് മുതൽ ബില്ലിംഗ് പീരിയഡ് വരെ) തട്ടിക്കിഴിച്ച് ഏതാണോ maximum അതനുസരിച്ചും സമയനിഷ്ഠിതമായ താരീഫ് ലോജിക്കുകൾക്കനുസരിച്ചും വേണം അദ്ദേഹത്തിൽ നിന്നും ഫിക്സഡ് ചാർജ്ജ് ഈടാക്കേണ്ടത്.

Fuel charge/ variable charge പേര് സൂചിപ്പിക്കുന്നതുപോലെ വൈദ്യുതിയുടെ രേഖപ്പെടുത്തിയ net-import- ന്റെ (ഇറക്കുമതി) അടിസ്ഥാനത്തിലാവണം എന്നതിൽ തർക്കത്തിന് കാര്യമില്ല.

കാര്യങ്ങൾ ഇങ്ങനെയായിരിക്കുമ്പോൾ താരീഫിന്റെ അടിസ്ഥാന തത്വങ്ങളുടെ അന്തസത്തപോലും പരിഗണിക്കാതെ ചിലരുടെ മുൻവിധികളും ഭാവനകളും തോന്ന്യാസങ്ങളും അജണ്ടകളും ലോബികളുടെ താൽപര്യങ്ങളും അനുസരച്ച് വൈദ്യുതി താരീഫ് ചട്ടങ്ങളും ഉത്തരവുകളും ഇറക്കി കേരളത്തിലെ വൈദ്യുതി മേഖലയെ ഒന്നിനൊന്ന് സങ്കീർണ്ണമാക്കുന്നവർ ആരൊക്കെയെന്നത് വ്യക്തമല്ലേ?

2. സോളാർ ബില്ലിലെ വൈദ്യുത ഡ്യൂട്ടിയുടെ സങ്കീർണതകൾ

Duty on Self Generation എന്ന പേരിൽ സോളാർ ഉൽപാദകരിൽ നിന്നും അതുപോലെ സ്വന്തം ആവശ്യത്തിന് വൈദ്യുതി ഉൽപദിപ്പിച്ച് സ്വയം ഉപയോഗിക്കുന്നവരിൽ നിന്നും സംസ്ഥാന സർക്കാർ വാങ്ങുന്ന നികുതിയാണ് അടുത്ത സങ്കീർണ്ണത!

സോളാർ വൈദ്യുതി ഉൽപാദകരുടെ പുതിയ വൈദ്യുത ബില്ലുകളിൽ Self generation ന് ഇലക്ട്രിസിറ്റി ഡ്യൂട്ടി എന്ന ഒരു പുതിയ നികുതി കൂടെ ചേർത്തിരിക്കുന്നത് കാണാം. പണം ഈടാക്കുന്നത് KSEBL ആണെങ്കിലും അന്തിമമായി പ്രസ്തുത തുക കേരള സർക്കാരിന്റെ നികുതിയാണ്. സ്വയം വിൽക്കാത്ത വൈദ്യുതിയുടെ നികുതി പിരിക്കാൻ KSEBL എന്ന വിതരണ ലൈസൻസിക്ക് യാതൊരു കാര്യവുമില്ലാത്തതാണ് എന്നതാണ് വസ്തുത. ഡ്യൂട്ടി ആക്ട് പ്രകാരം വിൽക്കുന്ന വൈദ്യുതിയുടെ നികുതി പിരിച്ചുകൊടുക്കാനേ ലൈസൻസിക്ക് ബാദ്ധ്യതയുള്ളൂ

Electricity has been held to be "goods" by a Constitution Bench of Honourable Supreme Court in its judgement dated 22/4/2002, Appeal (Civil)-3112/1990; State of Andhra Pradesh vs. National Thermal Power Corporation Ltd. and Sale of Goods Act, 1930 has made applicable to electricity by the Honourable Supreme Court. Transaction of Electricity is considered in par with goods as per the judgement of the constitutional bench of the Supreme Court. And without any transaction for sale, there shall not be any taxes on the goods produced. Imposing state duty on Generation of electricity is unconstitutional and is against the spirit of the Judgement made by the constitutional bench of the honourable Supreme Court in Civil Appeal 3112/1990 (AP Vs NTPC)

ഇലക്ട്രിസിറ്റി ഒരു ചരക്കാണ് എന്നും ഇലക്ട്രിസിറ്റി ഡ്യൂട്ടി എന്നത് ചരക്കു നികുതി യാണ് എന്നും അതുകൊണ്ട് മറ്റു ചരക്കുകൾക്ക് ബാധകമായ നികുതി രീതി വൈദ്യുതിക്കും ബാധകം എന്നും സുപ്രീം കോടതി പറഞ്ഞിരിക്കുന്നത് വ്യക്തമാണ്. കേന്ദ്ര സർക്കാരിന്റെ നിദ്ദേശമനുസരിച്ചും സുപ്രീം കോടതിയുടെ വിധി അനുസരിച്ചും ഒരാൾ സ്വന്തം ആവശ്യത്തിന് സ്വയം വൈദ്യുതി ഉണ്ടാക്കി ഉപയോഗിച്ചാൽ അതിന് നികുതി ചുമത്താൻ വകുപ്പില്ല! സംസ്ഥാന സർക്കാരുകളോട് അങ്ങനെ നികുതി ചുമത്തരുത് എന്നും കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

നെറ്റ് മീറ്ററാണ് ഇവിടത്തെ കൺസ്യൂമർ മീറ്റർ അഥവാ കൊമേഴ്സ്യൽ മീറ്റർ. അതിൽ വരാത്ത വിവരങ്ങൾ എങ്ങിനെയാണ് കച്ചവടമാകുന്നത്?

കച്ചവടമില്ലാതെ എങ്ങനെയാണ് ടാക്സ് പിരിക്കുന്നത്?

ഒരു പൗരൻ സ്വന്തം ഉപയോഗത്തിനായി സ്വയം ഉൽപാദിപ്പിക്കുന്ന ഒരു ചരക്കിന് നികുതി ഏർപ്പെടുത്താൻ സർക്കാരിന് അധികാരമുണ്ടെങ്കിൽ മാത്രമേ നെറ്റ് മീറ്ററിൽ രേഖപ്പെടുത്താത്ത വൈദ്യുതിക്ക് നികുതി ഈടാക്കാനാവൂ എന്നതാണ് സോളാർ മീറ്റർ പ്രകാരമുള്ള വൈദ്യുതി നികുതിയെ സംബന്ധിച്ച സാമാന്യ യുക്തി. അങ്ങനെ നികുതി ഏർപ്പെടുത്താൻ ആവും എങ്കിൽ അടുക്കളയിൽ ഉണ്ടാക്കുന്ന ദോശയ്ക്കും നികുതി ഏർപ്പെടുത്താം!

ഗ്രിഡിലേയ്ക്ക് ഘടിപ്പിക്കപ്പെടുന്ന സോളാർ വൈദ്യുത പ്ലാന്റ് CEA bpsS 2013 se Technical Standards for connectivity of Distributed Generation Resource ൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച്, KSERC bpsS 2020 se Renewable Energy & Netmetering Regulations അനുസരിച്ച് വേണം സ്ഥാപിക്കപ്പെടേണ്ടതും പ്രവർത്തിക്കപ്പെടേണ്ടതും.

ഗ്രിഡിൽ ഘടിപ്പിക്കപ്പെട്ടിരിക്കുന്ന സോളാർ പ്ലാന്റ് ഉൽപാദിപ്പിക്കുന്ന വൈദ്യുതി അളക്കപ്പെടേണ്ടതുംരേഖപ്പെടുത്തപ്പെടേണ്ടതും CEA യുടെ 2006 ലെ "Installation and Operation of Meters, Regulation" ലെ 2013 ലുള്ള ഭേദഗതി പ്രകാരവും ബില്ല് ചെയ്യപ്പെടേണ്ടത് KSERC യുടെ 2020 ലെ Renewable Energy & Netmetering Regulations പ്രകാരവുമാണ്.

വൈദ്യുതി നിയമം 2003 ലെ 55-ാം വകുപ്പ് പ്രകാരം CEA യുടെ 2006 ലെ മീറ്ററിംഗ് ചട്ടങ്ങളും അതിന്റെ ഭേദഗതികളും നിഷ്കർഷിക്കുന്ന പ്രകാരം നിർമ്മിച്ചു സ്ഥാപിച്ച മീറ്ററുകൾ ഉപയോഗിച്ചു മാത്രമാണ് രാജ്യത്ത് വൈദ്യുതി കൈമാറ്റം നടക്കുമ്പോൾ അതിന്റെ അളവും മേന്മകളും നിശ്ചയിക്കപ്പെടേണ്ടത്. വൈദ്യുതി മീറ്ററിംഗിനെ സംബന്ധിച്ച CEA യുടെ ചട്ടങ്ങൾ നിയമപരമായി അന്തിമവുമാണ്.

CEAയുടെ പ്രസ്തുത മീറ്ററിംഗ് ചട്ടങ്ങളിൽ നെറ്റ് മീറ്റർ സംവിധാനപ്രകാരം ഗ്രിഡുമായി ഘടിപ്പിച്ച ഒരു സൗരോർജ്ജ വൈദ്യുതി പ്ലാന്റിന്റെ വൈദ്യുതി കൈമാറ്റം നടത്തുന്നതിനും അക്കൗണ്ട് ചെയ്യുന്നതിനും ഉപയോഗിക്കേണ്ട മീറ്റർ നെറ്റ് മീറ്ററാണ്. സോളാർ ജനറേഷൻ മീറ്റർ സ്ഥാപിക്കാനോ അതിലെ വിവരങ്ങൾ ബില്ലിനും അക്കൗണ്ടിംഗിനും ഉപയോഗിക്കാനോ ചട്ടങ്ങൾ ആവശ്യപ്പെടുന്നില്ല.

മാത്രവുമല്ല, വൈദ്യുതി നിയമം 2003 പ്രകാരം കേരള സർക്കാർ 18th September, 2023.Â G. O. (P) No. 4/2023/Power എന്ന നമ്പറിൽ ഇറക്കിയ ഉത്തരവിൽ 10kVAനും താഴെയുമുള്ള എല്ലാവിധ ജനറേറ്ററുകൾക്കും 50 kWpനും താഴെയുമുള്ള സോളാർ ജനറേഷൻ പ്ലാൻറുകൾക്കും സർക്കാർ അനുവാദം (EI-approval) പോലും ആവശ്യമില്ല എന്നു പറയുന്നുണ്ട്.

MNRE യുടെ മാനദണ്ഡങ്ങൾ പ്രകാരവും സോളാർ ജനറേഷൻ മീറ്റർ നിർബന്ധമല്ല! RPO പ്രകാരമുള്ള സൗജന്യങ്ങൾ ലഭിക്കണമെങ്കിൽ മാത്രം സ്ഥാപിക്കേണ്ടതാണ് പ്രസ്തുത മീറ്റർ.

സർക്കാർ അനുവാദവും സ്കീം അനുവാദവും അവശ്യമില്ലാത്തിടത്ത്, ജനറേഷൻ മീറ്റർ പോലും നിർബന്ധമില്ലാത്തിടത്ത് എങ്ങനെയാണ് സെൽഫ് ജനറേഷൻ നികുതി ഈടാക്കുന്നത് ശരിയാകുന്നത്?!

വൈദ്യുതി നിയമപ്രകാരം സ്ഥാപിക്കപ്പെടാത്ത ഒരു മീറ്ററിലെ വിവരങ്ങൾ വൈദ്യുതി ലൈസൻസി ആയ KSEBL ബില്ല് ചെയ്യാൻ ഉപയോഗിക്കുന്നത് ശരിയാണോ?

മീറ്ററിംഗ് ചട്ടങ്ങൾ ഇപ്രകാരം രൂപപ്പെടുത്തിയിരിക്കുമ്പോൾ നിയമപരമല്ലാത്ത മീറ്ററിലെ വിവരങ്ങൾ ഉപയോഗിച്ച് ബില്ല് ചെയ്യുകയും ലൈസൻസിയുടെ ഉത്തരവാദിത്വത്തിൽ പെടാത്ത തർക്കവിഷയമായ സ്വന്തം ഉപഭോഗത്തിനായി ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ നികുതി ബലപൂർവ്വം ഉപഭോക്താവിൽ നിന്നും പിരിച്ചെടുക്കുന്നതിന് എന്തു നീതീകരണമാണുള്ളത്?

അതോടൊപ്പം നിയമപരമായ വിശദീകരണം ആവശ്യമുള്ള മറ്റൊരു കാര്യമാണ് ബാങ്ക് ചെയ്ത വൈദ്യുതിക്ക് നികുതി പിരിക്കാനാവുമോ എന്നതും!

കച്ചവടമില്ലാതെ എങ്ങനെയാണ് ടാക്സ് പിരിക്കുന്നത്?

സോളാർ പ്രൊസ്യൂമർ സൂക്ഷിക്കാൻ കൊടുത്ത ശേഷം വൈദ്യുതി തിരിച്ചെടുത്താൽ ബാങ്ക് ചെയ്ത വൈദ്യുതി അത് വൈദ്യുത കൈമാറ്റം ആകുമോ?

അതായത് ബാങ്ക് ചെയ്ത വൈദ്യുതിക്ക് എങ്ങനെയാണ് നികുതി പിരിക്കുക എന്ന സംശയവും ഇവിടെ നിലനിൽക്കുന്നുണ്ട്. ബാങ്ക് ചെയ്യുമ്പോൾ ഉപഭോഗം പോലും നടക്കുന്നില്ലല്ലോ!

ഒരു പ്രൊസ്യൂമർ ഉൽപാദിപ്പിച്ച് ശൃംഖലയിലേക്ക് കയറ്റുമതി ചെയ്ത് ബാങ്ക് ചെയ്തശേഷം തിരിച്ചെടുത്താൽ ആ വൈദ്യുതി കൈമാറ്റം ചെയ്തതായി കണക്കാക്കാനാവുമോ? ഇല്ല എങ്കിൽ അതിന് നികുതി പിരിക്കുന്നത് തെറ്റല്ലേ? ഇക്കാര്യത്തിലും നിയമവിശകലനം ആവശ്യമുണ്ട്..

3.സോളാർ ബില്ലിംഗ്: ബാങ്കിംഗ് സങ്കീർണ്ണതകൾ

ഒരു സോളാർ പ്രോസ്യൂമർ ഉല്പാദിപ്പിക്കുന്ന വൈദ്യുതി അദ്ദേഹത്തിന് സമയാസമയങ്ങളിൽ ഉപയോഗിക്കാൻ ആവാതെ വരുന്നത് ശൃംഖലയിലേക്ക് കയറ്റുമതി ചെയ്ത ശേഷം ആവശ്യം വരുമ്പോൾ തിരികെ എടുത്ത് ഉപയോഗിക്കുന്നതിന് ശൃംഖലയിൽ

സൂക്ഷിക്കുന്ന രീതിയാണ് വൈദ്യുത ബാങ്കിങ്.

സോളാർ വൈദ്യുതിയുടെ ബില്ലിലെ ഏറ്റവും വലിയ സങ്കീർണത സോളാറിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ ശരിയായ അക്കൗണ്ടിംഗ് ആണ് എന്നു പറയാതെ വയ്യ.

20 kW കണക്റ്റഡ് ലോഡ് -ന് മുകളിൽ TOD ബില്ലിങ്ങും വേറിട്ട നോർമൽ- പീക്ക്- ഓഫ് പീക്ക് അക്കൌണ്ടിങും ഏർപ്പെടുത്തിയും സോളാർ പ്രൊസ്യൂമറിന്റെ ബില്ലിങ് കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുന്നു.

ഇതിനും പുറമെ 500 യൂണിറ്റിൽ കൂടുതൽ പ്രതിമാസ ഉപഭോഗം ഉണ്ടായാലും TOD ബില്ലിങ് ആയതുകൊണ്ട് ഒരേ പ്രൊസ്യൂമറിന് ഉപഭോഗത്തിൽ ഏറ്റക്കുറച്ചിലുകൾ അനുസരിച്ച് വിവിധ മാസങ്ങളിൽ പല രീതിയിലുള്ള ബില്ലുകൾ ലഭിക്കാൻ സാദ്ധ്യതയും ഇവിടെ യുണ്ട്.

ഇങ്ങനെ പരമാവധി സങ്കീർണമാക്കിയ ഒരു വൈദ്യുതി അക്കൌണ്ടിങ് സംവിധാനത്തിൽ എല്ലാ വിവരങ്ങളും നന്നായി ടാബുലേറ്റ് ചെയ്താൽ പോലും ഒരു സാധാരണ ഉപഭോക്താവിന് മനസിലാക്കി എടുക്കാൻ ബുദ്ധിമുട്ടുള്ളപ്പോൾ അടിസ്ഥാന വിവരങ്ങൾ പോലും ബില്ലിൽ കാണിക്കാതിരുന്നാൽ എന്താണ് സംഭവിക്കുക എന്നത് ഊഹിക്കാവുന്നതേ ഉള്ളൂ.

അതായത് സോളാറിലൂടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതി വിവിധ സോണുകളിലെ ഉപഭോഗവുമായ തട്ടിക്കിഴിക്കുന്നതെങ്ങനെ എന്നതിന്റെ കൃത്യമായ കണക്കാണ് ഇവിടെ പ്രധാനം.

സോളാർ വൈദ്യുതി ഉത്പാദിപ്പിക്കപ്പെടുന്നത് രാവിലെ ആറുമണി മുതൽ വൈകിട്ട് ആറുമണി വരെയാണ്(06.00 18.00). അതായത് TOD ബില്ലിങ്ങിന്റെ നോർമൽ സോണിൽ.

ഇങ്ങനെ ഉല്പാദിപ്പിക്കുന്ന വൈദ്യുതി അതേ സോണിലെ ഉപഭോഗവുമായി ആണ് ചട്ടങ്ങൾ പ്രകാരം ആദ്യം തട്ടിക്കിഴിക്കുക.

അതിന് ശേഷം മിച്ചമുള്ള വൈദ്യുതി, (നിലവിലെ ചട്ടങ്ങൾ പ്രകാരം നോർമൽ സോണിൽ കയറ്റുമതി ചെയ്തതിന്റെ 80%) പീക് സമയത്തെ (18.00 22.00) ഉപഭോഗവുമായി തട്ടിക്കിഴിക്കുന്നു.

അതിന് ശേഷമുള്ളത് 100%-വും രാത്രിയിലെ അഥവാ ഓഫ്-പീക്ക് : (22.0006.00) ഉപഭോഗവുമായി തട്ടിക്കിഴിക്കുന്നു.

(TOD ബില്ലിങ് ഇല്ലാത്ത സാഹചര്യത്തിൽ ഉല്പാദിപ്പിച്ചു കയറ്റുമതി ചെയ്ത വൈദ്യുതി മുഴുവനും സോൺ നോക്കാതെ ഇറക്കുമതി ചെയ്ത വൈദ്യുതിയുമായി തട്ടിക്കിഴിക്കുന്നു)

വീണ്ടും മിച്ചമുള്ളത് അടുത്ത മാസത്തെ ഉപഭോഗവുമായി തട്ടിക്കിഴിക്കാൻ ബാങ്ക് ചെയ്യപ്പെടുന്നു.

ഇങ്ങനെ ബാങ്ക് ചെയ്യപ്പെടുന്ന വൈദ്യുതി അടുന്ന മാസത്തെ സോളാർ വൈദ്യുതി ഉൽപാദനത്തിൽ ചേർത്ത് തട്ടിക്കിഴിക്കൽ തുടരുന്നു.

ഇങ്ങനെയുള്ള തട്ടിക്കിഴിക്കൽ കഴിഞ്ഞു വർഷാവസാനം മിച്ചമുള്ള വൈദ്യുതിക്ക് റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച വില നൽകി കണക്ക് സെറ്റിൽ ചെയ്യുന്നു.

സോളാർ വൈദ്യുതി ഉൽപാദനത്തിന്റെ ഇങ്ങനെയുടെ അക്കൗണ്ടിംഗ് സുതാര്യമായും കൃത്യമായും വേണ്ട രീതിയിൽ ടാബുലേറ്റ് ചെയ്ത് ഉപഭോക്താവിന് മനസ്സിലാകുന്ന രീതിയിൽ വിശദീകരിക്കുന്നതിലാണ് കാര്യമിരിക്കുന്നത്.

കവിത

വിടപറയും മുൻപേ

Er മഹേഷ് റ്റി.
അസിസ്റ്റന്റ് എഞ്ചിനീയർ

അരുതരുതേ പറയരുതേ
അറിയാതെ പോലും
അകലത്തായി മാറി
നീ കൂടെയുണ്ടെന്നും
അരികത്തായി എന്നും
നിൻനെഞ്ചിലുണ്ടെന്നും
അരികത്തായി കാണാൻ
കൊതിയ്ക്കുന്ന നാളിൽ
അരികത്തേയ്ക്കപ്പോഴേ
ഓടിയെത്തീടുമെന്നും....

എന്തു നീ ചൊന്നാലും
എത്ര പറഞ്ഞാലും
ഏറെ കൊതിച്ചു പോയി
നിന്നൊപ്പമൊന്നായി
തുഴഞ്ഞു നീങ്ങീടുവാൻ..
ഒത്തൊരുമിച്ചൊന്നായി
തുഴഞ്ഞപ്പോഴൊക്കെയും
എത്തിച്ചു വേഗം നീ
വിജയ വീഥികൾ .....

ഞാനില്ല കട്ടായം
ക്രൂരമാം വിധിയാലകന്നു പോം
നിന്നെ നനവാർന്നൊരെൻ കണ്ണാലെ
വിട ചൊല്ലുവാൻ !

✵

എന്നാൽ ഒരു പ്രൊസ്യൂമർ സോളാർ പ്ലാന്റിൽ ഉൽപാദിപ്പിച്ച വൈദ്യുതി കൃത്യമായി അക്കൗണ്ട് ചെയ്ത് വിശദീകരിക്കുന്ന ഒരു തൃപ്തികാര്യമായ രേഖ KSEB യുടെ ബില്ലിന്റെ കൂടെ കാണാറില്ല എന്നതാണ് വസ്തുത. സോളാർ വൈദ്യുതി വിവിധ സോണുകളിൽ കൃത്യമായി തട്ടിക്കിഴിച്ച ശേഷമുള്ള TOD ബില്ലിംഗ് എല്ലാവർക്കും ഒരു പോലെയാണ് എന്നതും ഇവിടെ പ്രധാനമാണ്.

വൈദ്യുതി അക്കൌണ്ടിങ് കാര്യങ്ങ ളിലും ബില്ലിങ് കാര്യങ്ങളിലും സുതാര്യതയും ലളിതവൽകരണവും സാമാന്യ യുക്തിയു ടെയും സാമാന്യ നീതിയുടെയും പ്രായോഗിക യുമാണ് ഏറ്റവും ആവശ്യം എന്നതിൽ സംശയമില്ല. Tariff rationalisation ആണ് ലക്ഷ്യമെന്ന് വൈദ്യുത നിയമവും പോളിസി കളും പറയുമ്പോൾ Irrationalisation ആണ് തങ്ങളുടെ ലക്ഷ്യം എന്ന രീതിയിലാണ് ഇവിടെ താരീഫ് ഉത്തരവുകൾ ഇറക്ക പ്പെടുന്നത്! ചുരുക്കിപ്പറഞ്ഞാൽ സാമാന്യ യുക്തിക്കോ സാമാന്യനീതിക്കോ അതീത മായി ആരെയൊക്കെയോ തൃപ്തിപ്പെടു ത്താനും സന്തോഷിപ്പിക്കാനുമായി തരീഫ് ഘടനയെ പരമാവതി സങ്കീർണ്ണമാക്കിയിരി ക്കുന്നതാണ് കേരള ത്തിലെ വൈദ്യുത മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്ന് എന്നു പറയാതെ വയ്യ!

✵

സുഭാഷിതം

പ്രശ്നങ്ങൾ പങ്കുവയ്ക്കുക

Er കെ. ശശിധരൻ (റിട്ട.)
കണ്ണൂർ

ഇന്ന് നമ്മിൽ പലരും കടുത്ത സമ്മർദത്തിലാണ്. കുട്ടികൾപോലും ഇതിൽനിന്ന് ഒഴിവാകുന്നില്ല. വീട്ടിൽ.. ഓഫീസിൽ.. സ്കൂളിൽ.. അങ്ങനെ എല്ലാ മേഖലകളിലും ഇത് അനുഭവപ്പെടുന്നു. സാഹചര്യത്തിന്റെ മേൽപഴിചാരി നമുക്ക് തൽക്കാലം രക്ഷപ്പെടാം. എന്നാൽ പലരുടെയും ടെൻഷൻ അനാവശ്യമാണെന്ന് കണ്ടെത്താനാവുമെങ്കിലും ചിലപ്പോൾ ഇത് ആത്മഹത്യയിൽ വരെ ചെന്നെത്തുന്നു. ആത്മഹത്യയുടെ ഒരു വാർത്തയെങ്കിലുമില്ലാത്ത ഒരു പത്രം ഇന്ന് കാണുവാൻ പ്രയാസം. വർഷങ്ങൾക്ക് മുമ്പെ വായിച്ച ഒരു പത്രവാർത്ത ഓർക്കുന്നു.

'നമ്മുടെ നാട്ടിൽ ഓരോ പതിനഞ്ച് മിനുട്ടിലും ഒരു ആത്മഹത്യാശ്രമം നടക്കുന്നു. ഓരോ ഒന്നര മണിക്കൂറിലും ഒരു മരണം ആത്മഹത്യമൂലം സംഭവിക്കുന്നു.'

പലരും അനുഭവിച്ച പല പ്രശ്നങ്ങളുടെയും കാരണം വളരെ നിസ്സാരമായിരുന്നു എന്ന് വിശകലനം ചെയ്താൽ മനസ്സിലാകും. ഒരു പക്ഷെ ഈ പ്രശ്നത്തിന്റെ പേരിൽ വീട്ടിലും ജോലിസ്ഥലത്തും പലതരം പ്രയാസങ്ങൾ നേരിടേണ്ടി വന്നിട്ടുമുണ്ടാകും. ശരിയാംവണ്ണം ഭക്ഷണം പോലുമില്ലാതെ ആരോഗ്യം നശിക്കുന്നു. പല ദിവസങ്ങളിൽ രാത്രി ഉറക്കമില്ലാതെ കഴിച്ചുകൂട്ടേണ്ടി വരുന്നു. അനാവശ്യമായ ആധി, വ്യാധിയായി പരിണമിച്ച് കാലം കഴിച്ചു കൂട്ടേണ്ടി വരുന്നു.

പ്രശ്നങ്ങൾ ഇല്ലാത്തവരായി ആരും ഇവിടെയില്ല. ഒരർത്ഥത്തിൽ നേരിടുന്ന ചെറുതും വലുതുമായ പ്രശ്നങ്ങളാണ് ജീവിതത്തിനെ മൂല്യവത്താക്കുന്നത്. ഓരോ പ്രശ്നത്തെ അതിജീവിക്കുമ്പോഴും നാം ഓരോ പാഠം പഠിച്ചിരിക്കും. അത് ജീവിതത്തിലെ മുന്നോട്ടുള്ള പ്രയാണത്തിന് കരുത്തേകും. അങ്ങനെ പ്രശ്നങ്ങളെ നേരിട്ട് മുന്നേറുമ്പോഴാണ് ജനം പറയുന്നത് അതാ നോക്കൂ, കണ്ടില്ലെ എന്തെല്ലാം പ്രതിസന്ധികളെയാണ് അയാൾ അതിജീവിച്ചത്. ഇന്ന് അയാൾ എവിടെയെത്തി...! നമുക്കു ചുറ്റും കാണുന്ന ഉന്നതന്മാരിൽ ഏറിയ പങ്കും അങ്ങനെ ജീവിച്ച് മുന്നേറിയവരാണ്.

എന്നാൽ പ്രശ്നങ്ങൾ നേരിടുമ്പോൾ സഹിക്കവയ്യാതെ ജീവിതം അവസാനിപ്പിച്ചവരേയും കാണാം. അവിടെയാണ് പ്രശ്നങ്ങൾ പങ്കുവെയ്ക്കലിന്റെ ആവശ്യകത. അങ്ങനെ ജീവിതത്തിൽ നിന്ന് ഒളിച്ചോടാൻ ശ്രമിച്ച പലരും മറ്റുള്ളവരുടെ ഇടപെടൽ കൊണ്ട് രക്ഷപ്പെട്ട് ജീവിത വിജയം കൈവരിച്ചവരുണ്ട്. ഇത് മുതിർന്നവരുടെ അനുഭവമാണെങ്കിൽ ഇതാ ഒരു വിദ്യാർത്ഥിയുടെ അനുഭവം.

അവൻ ജീവിതം അവസാനിപ്പിക്കുവാൻ തീരുമാനിച്ചു. ഒരു കുറിപ്പെഴുതി തനിക്ക് ഏറ്റവും പ്രിയപ്പെട്ട അദ്ധ്യാപികക്ക് നൽകി. 'ടീച്ചറെ എനിക്ക് ജീവിതം മടുത്തു. ഞാൻ മരിക്കാൻ പോവുകയാണ്.

'ടീച്ചർ അത് വായിച്ച് അവനോട് പറഞ്ഞു. 'നീ മരിക്കാൻ തീരുമാനിച്ചു. നിനക്കതിന് തക്കതായ കാരണങ്ങളുമുണ്ടാകും. അതിനെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല. പക്ഷെ, നീ

ചികിത്സാരംഗത്തെ ചൂഷണങ്ങൾ

Er ഇ.എം. നസീർ
എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)

ഇക്കാലത്ത് ചികിത്സാരംഗവും മറ്റുപല മേഖലകളിലെയും പോലെ ചൂഷകരുടെ വിളനിലം തന്നെയാണ്. ചോദിക്കാനും പറയാനും ആരുമില്ലാത്ത സാധാരണക്കാരും നിർദ്ധനരുമായ രോഗികൾ വളരെ കൂടുതലായി അവഗണിക്കപ്പെടുകയോ ചൂഷണം ചെയ്യപ്പെടുകയോ ചെയ്യുന്നു. ഒരു തരം ശിക്ഷപോലെ നടന്നുവരുന്ന ഈ പ്രക്രിയ്ക്ക് ഭരണാധികാരികൾക്കും ആശുപത്രി അധികൃതർക്കും ഡോക്ടർ മാർക്കും ഔഷധകമ്പനികൾക്കും പരിശോധനാ ലാബുകൾക്കും മരുന്നുകടകൾക്കുമുള്ള പങ്ക് ചെറുതൊന്നുമല്ല.

സമ്പന്നരും പൊങ്ങച്ചക്കാരും നക്ഷത്ര നിലവാരമുള്ള മുന്തിയതരം ആശുപത്രികളിൽ ചികിത്സതേടി സ്വയം മഹത്വവൽക്കരിക്കപ്പെടുമെങ്കിലും, അവരിൽ മിക്കവരും അത്തരം സ്ഥാപനങ്ങളുടെ കഴുതകളായ ഇരകളാണ്. അറിഞ്ഞുകൊണ്ടുതന്നെ അവർ അതിൽ ആശ്വാസം കൊള്ളുന്നുവെന്നതാണ് വിരോധാഭാസം.

സമ്പന്നർക്ക് തങ്ങളുടെ കുടുംബങ്ങളിലെ വൃദ്ധരുൾപ്പെടെയുള്ള രോഗികളെ പൊങ്ങച്ച ആശുപത്രികളിൽ കൊണ്ടുചെന്ന് നിക്ഷേപിക്കുന്നത് അഭിമാനമാണ്. ബന്ധു മുന്തിയതരം ആശുപത്രിയിൽ ICU വിലാണെന്ന് പരസ്യപ്പെടുത്തുന്നത് തന്നെ അവർക്ക് മതിപ്പുളവാക്കുന്ന കാര്യമാണ്. വൈകുന്നേരങ്ങളിൽ രോഗിയെക്കാണാൻ ആശുപത്രികൾ സന്ദർശിക്കുക എന്നതുതന്നെ പിക്നിക് പോലുള്ള ഒരുതരം ഔട്ടിംഗ് ആണ് പലർക്കും. ആശുപത്രിയിലെ ഭാരിച്ച ചെലവ്, വീട്ടുവേലക്കാരിയുടെ ശമ്പളത്തിൽ പിശുക്കുകാണിക്കുന്ന ഇവറ്റകൾക്ക് ഒരു പ്രശ്നമേ അല്ല. ☞

എന്റെ ക്ലാസിലെ ഏറ്റവും മിടുക്കനായ കുട്ടിയാണ്. നിനക്ക് നന്നായി എഴുതുവാനുള്ള കഴിവുണ്ട്. എനിക്കു വേണ്ടി നീ ഒരു കാര്യം ചെയ്യണം. എന്തിനാണ് നീ മരിക്കാൻ തീരുമാനിച്ചത് എന്ന് വിശദമായി എഴുതി നീ എനിക്ക് തരണം."

ആ വാക്കുകൾ നിരസിക്കുവാൻ അവന് കഴിയുമായിരുന്നില്ല. അവൻ ഒറ്റക്കിരുന്ന് ചിന്തിച്ചു...'എന്തിനാണ് ഞാൻ മരിക്കുവാൻ തീരുമാനിച്ചത് ? മനസ്സിൽ വന്ന കാര്യങ്ങൾ അവൻ വിശദമായി എഴുതി. എഴുതിക്കഴിഞ്ഞപ്പോഴേക്കും അവൻ തന്റെ തീരുമാനത്തിൽ നിന്നും പിന്മാറിയിരുന്നു. കാരണം, ആ തീരുമാനം തീർത്തും അർത്ഥ ശൂന്യമാണെന്ന് അവന് തിരിച്ചറിയാൻ കഴിഞ്ഞു. പിൽക്കാലത്ത് ആ വിദ്യാർത്ഥി വിശ്വപ്രശസ്തനായ ഒരെഴുത്തുകാരനായി തീർന്നു.

ആത്മഹത്യ പ്രവണതയുള്ളവർ സ്വന്തം പ്രശ്നങ്ങൾ കുടുംബങ്ങളുമായും വിശ്വസ്തരായ കൂട്ടുകാരുമായും പങ്കുവെയ്ക്കാൻ മടിക്കരുത്. പ്രശ്നങ്ങളിൽ പെട്ട് ഉഴലുന്നവരെ അപേക്ഷിച്ച് മറ്റുള്ളവർക്ക് ആ പ്രശ്നങ്ങളെ മാറി നിന്ന് വീക്ഷിക്കാൻ കഴിയും. കൂടുതൽ യാഥാർത്ഥ്യ ബോധത്തോടെ കാര്യങ്ങളെ കാണാനും പരിഹാരങ്ങൾ നിർദ്ദേശിക്കാനും ആത്മവിശ്വാസം പകരാനും അവർക്ക് സാധിക്കും.

✵

നിർദ്ധനരും സാധാരണക്കാരുമായ രോഗികളുടെ കാര്യങ്ങൾ തീർത്തും വ്യത്യസ്തവും കഷ്ടത്തിലുമാണ്. രണ്ടറ്റവും കൂട്ടിമുട്ടിക്കാനുള്ള പെടാപ്പാടിലാണവർ. അവർക്ക് ആധുനിക ചികിത്സാരംഗം ജീവന്മരണ പോരാട്ടങ്ങളുടെ വേദിയാണെപ്പോഴും. പരിമിതികളും ഉത്തരവാദിത്വരാഹിത്യവും കൊണ്ട് വീർപ്പുമുട്ടുന്ന സർക്കാർ ആശുപത്രികളെ മാത്രം ആശ്രയിക്കാൻ വിധിക്കപ്പെട്ട നിർഭാഗ്യർ. ആശുപത്രികളിലെ ഇല്ലായ്മകളുടെയും പോരായ്മകളുടെയും യഥാർത്ഥ ഇരകൾ. സർക്കാർ ആശുപത്രിയിൽ ചികിത്സയെന്ന പേരുമാത്രമേയുണ്ടാകൂ. ടെസ്റ്റുകളും മരുന്നുകളും മിക്കവാറും ആശുപത്രിക്ക് പുറത്തുനിന്ന്, ചൂഷണത്തിന്റെ വേറൊരു രൂപത്തിൽ വേണ്ടി വരും.

സർക്കാർ ആശുപത്രികളിലെ പരിമിതികളെ മറികടക്കാൻ ചിലർ സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്താറുണ്ട്. ചൂഷണത്തിന് അവിടെയും കുറവുണ്ടാകില്ല. രോഗനിർണ്ണയം നടത്താനും ചികിത്സാരീതികൾ തീരുമാനിക്കാനും ആവശ്യമായതും അല്ലാത്തതുമായ ടെസ്റ്റുകൾ നർദ്ദേശിക്കും. അതു കഴിഞ്ഞ് ഔഷധങ്ങൾ നിർദ്ദേശിക്കും. ഇതെല്ലാം ഡോക്ടർ പറയുന്ന ലാബുകളിൽ നിന്നും ഔഷധശാലകളിൽ നിന്നുമായിരിക്കണമെന്ന നിബന്ധനകൂടിയുണ്ടാകും. ഉയർന്ന നിരക്കിലുള്ള കമ്മീഷനാണ് ഡോക്ടർമാരുടെ ലക്ഷ്യം. ഇത്തരം സ്ഥാപനങ്ങൾ ചിലപ്പോൾ ഡോക്ടറുടെ പങ്കാളിത്തത്തിലോ രഹസ്യ ഉടമസ്ഥതയിലോ ഉള്ളതായിരിക്കും. ഇതിനൊക്കെപ്പുറമേയാണ് ഡോക്ടറുടെ കൺസൾട്ടിംഗ് ഫീസ്. സിനിമാ തീയേറ്ററുകളിലെ ടിക്കറ്റ് കൗണ്ടറുകൾ പോലുള്ള ഇത്തരം ചൂഷണ കേന്ദ്രങ്ങൾ വളരെ വ്യാപകമാണിപ്പോൾ.

ഇങ്ങനെ ചികിത്സയ്ക്കെത്തുന്നവരിൽ പലരും ഒരിക്കലും പിടിവിടാത്ത ചോരകുടിക്കുന്ന അട്ടകൾകടിച്ച വരെപ്പോലെയാകും. രോഗിയ്ക്ക് മരുന്നുകളും ഉപയോഗക്രമങ്ങളും നിർദ്ദേശിച്ച ശേഷം നിശ്ചിത ദിവസങ്ങൾക്കുശേഷം വീണ്ടും വന്നു കാണണമെന്നാകും ഡോക്ടറുടെ ഉപദേശം. ടെസ്റ്റുകൾ വീണ്ടും ചെയ്യേണ്ടിവരും. മരുന്നുകൾ തുടരേണ്ടിവരും, വീര്യം മാറ്റിയുള്ള മരുന്നുകളോ മുൻപു നൽകിയതോ, പുതിയതായിട്ടുള്ള മരുന്നുകളോ നിർദ്ദേശിച്ചെന്നു വന്നാലായി വന്നില്ലെങ്കിലായി. ചില വക്കീലന്മാരെ വിശ്വസിച്ച് കേസ് ഏൽപ്പിക്കുന്നതു പോലെയാകും ചിലപ്പോൾ കാര്യങ്ങൾ. ഇതിനിടെ ചികിത്സയുടെ പാർശ്വഫലങ്ങളോ പുതിയ രോഗങ്ങളോ പ്രത്യക്ഷപ്പെട്ടാൽ ഡോക്ടർക്ക് വീണ്ടും കോളടിക്കും. ചികിത്സകളിൽ നിന്നുള്ള മോചനം സാധാരണ ഗതിയിൽ എളുപ്പമാകില്ല.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും തൊഴിലിനോടു നീതിയും ധാർമ്മികതയും പുലർത്തുന്ന സത്യസന്ധരായ നൂറു ശതമാനം വിശ്വസിക്കാൻ കൊള്ളാവുന്ന, വളരെ ചുരുങ്ങിയചെലവിൽ, പാർശ്വഫലങ്ങൾ കുറവുള്ള ചികിത്സാരീതികൾ നിർദ്ദേശിക്കുന്ന ഡോക്ടർമാരും നമുക്കിടയിലുണ്ട്. പണത്തിനോട് ആർത്തിയില്ലാത്തമാന്യതയുടെ ആൾരൂപങ്ങളായി അവരെ നാം അംഗീകരിക്കുകയും ആദരിക്കുകയും വേണം.

പരിശോധനാ ലാബുകളിലെ പരിശോധനാ ഫീസ് പലയിടത്തും പലതാണ്. മരുന്നുകടകളിൽ ഔഷധങ്ങളുടെ വിലയും അതുപോലെതന്നെ. വലിയ വിലക്കുറവെന്ന പരസ്യബോർഡുകൾ വച്ചിട്ടുള്ള കടകളിൽ അതുപോലുള്ള വിലക്കുറവൊന്നും ഉണ്ടാകാറില്ല. ആശ്വാസ്, വിശ്വാസ്, നീതി മെഡിക്കൽ സ്റ്റോർ എന്നിവയിലും എടുത്തുപറയത്ത

ക്കളവുകളൊന്നും ലഭിക്കാറില്ല.തിരുവന ന്തപുരം മെഡിക്കൽ കോളേജ് കാമ്പസിലെ കാരുണ്യാ മെഡിക്കൽ സ്റ്റോറിൽ കാര്യമായ വിലക്കുറവിൽ ഔഷധങ്ങൾ ലഭ്യമാണെങ്കിലും ഒട്ടുമിക്ക ഔഷധങ്ങളും അവിടെ കിട്ടാറില്ല. പുറത്തുള്ള ചെറിയ മെഡിക്കൽ സ്റ്റോറുകളിൽ ഇവയെല്ലാം യഥേഷ്ടം കിട്ടുകയും ചെയ്യും. ഔഷധങ്ങളുടെ വില കാരുണ്യാ മെഡിക്കൽ സ്റ്റോറിലേതിനു തുല്യമായി ഏകീകരിക്കാ വുന്നതേയുള്ളു. അതിനുള്ള നടപടികൾ ആര് സ്വീകരിക്കും എന്നതാണ് പ്രശ്നം.

ഒരേ രോഗത്തിനുള്ള മരുന്ന് പല കമ്പനികൾ പല പേരുകളിൽ ഉല്പാദിപ്പിച്ച് തോന്നിയ വിലയ്ക്ക് വിൽക്കുന്നതും പുത്തരി യല്ല. ചില മരുന്നുകൾക്ക് കൊള്ള വിലയാണ് മരുന്നുകമ്പനികൾ നിശ്ചയിക്കുന്നത്. വില കേട്ടാൽ സ്വർണ്ണവും തോറ്റു പോകും. ഇതിനെയൊക്കെ നിയന്ത്രിക്കാൻ ആരുമില്ലാ യെന്നതാണ് നിർഭാഗ്യകരം. ഔഷധകമ്പനി കളുടെ ചൂഷണം നിയന്ത്രിക്കണമെങ്കിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഫാക്ടറികൾ ഉണ്ടാകണം. മാർക്കറ്റിൽ കൂടിയ വിലയ്ക്ക് വിൽക്കപ്പെടുന്ന മരുന്നുകൾ അവിടെ ഉൽപ്പാ ദിപ്പിച്ച് ന്യായമായ വിലയക്ക് രോഗികളിലെ ത്തിക്കണം. സർക്കർ ഉദ്യോഗസ്ഥർ പണി യെടുക്കാതെ കമ്പനികൾ നഷ്ടത്തിലായി പൂട്ടിപ്പോകുമെന്ന ഒരു കാര്യമുണ്ട്. വിട്ടുവീഴ്ച യില്ലാത്ത മിലിട്ടറിച്ചിട്ട യിൽ ഫാക്ടറികൾ പ്രവർത്തിപ്പിച്ച് പ്രശ്നം പരിഹരിക്കാവുന്ന തേയുള്ളു.

ചികിത്സാരംഗം ശുദ്ധവും കുറ്റമറ്റതു മാകണമെങ്കിൽ സൗജന്യചികിത്സാ സമ്പ്ര ദായം ഏർപ്പെടുത്തണം. സ്വകാര്യ ആശുപത്രി കൾ ദേശസാൽക്കരിച്ച് സർക്കാർ ഏറ്റെടുത്ത് പട്ടാളചിട്ടയിലുള്ള കർശനമായ അച്ചടക്കം ഏർപ്പെടുത്തി സൗജന്യ ചികിത്സ ലഭ്യമാക്കി രോഗികൾക്ക് ആശ്വാസം പകരണം. അങ്ങനെ രോഗികളുടെ ജീവൻ കൊണ്ടുള്ള പന്താട ലുകളും ചൂഷണങ്ങളും അവസാനിപ്പിക്കണം.

ആധുനിക ചികിത്സാ സമ്പ്രദായങ്ങൾ മികച്ച രീതിയിൽ തുടരുന്നതിന് വേണ്ട കാര്യങ്ങൾ ചെയ്യുന്നതിനോടൊപ്പം, പാർശ്വ ഫലങ്ങൾ ഇല്ലാത്തതോ കുറവോ ആയ ആയുർവേദം, ഹോമിയോ, യുനാനി എന്നീ ചികിത്സാ സമ്പ്രദായങ്ങളെയും കഴിയുന്നത്ര പ്രോത്സാഹിപ്പിച്ച് വ്യാപകമാക്കണം. അവയ് ക്കെതിരെയുള്ള പ്രതിരോധങ്ങളെ പല്ലും നഖവുമുപയോഗിച്ച് തടയണം. രോഗികൾ ആരുടെയെങ്കിലും വ്യവസായത്തിന്റെയോ വാണിജ്യത്തിന്റെയോ അസംസ്കൃത വസ്തു ക്കളാകാൻ പാടില്ല.

SCAN to download previous editions of Hydel bullet

The Chief Editor
Hydel Bullet
KSEB Engineers' Association,
Panavila
Thiruvananthapuram - 695001
Phone : 0471 - 2330696
hydelbulletin@gmail.com
Mob : 7012117197, 9495600714

NEEDS, WANTS & DESIRES

Er Thomas Kolanjikombil
Maramon.

Needs are things that are essential for our survival. If we do not breath for 3 minutes we are dead. We can't live more than 3 days without water and 3 weeks without food. They are our primary needs or biological necessities. They are also classified as our basic needs. The secondary necessities are psychological : safety, clothing, shelter, love (sex), belongingness, esteem and self-actualisation. All our needs are fundamental.

Once our needs are met we strive for things that are not essential but certainly increases the quality of our life. They are our wants. Without fulfilling our needs no wanting can ever happen. We need food and shelter, but what kind of food and shelter is our want. We need love, but to whom is our want. A want rises from a wish and does not affect our survival, as needs do. Needs are mandatory while wants are discretionary. Our needs are permanent but our wants shall always change. It is subjective based on our preferences and interpretation of what satisfy us. Wants are influenced by changing trends, our decisions are based on considerations and comparisons. Cultural influences, family aspirations and life style contribute to what we want. Needs are functional but wants are emotionally attached. It differs from one individual to another or between groups. There is no limit for our wants. Maybe our species survived this far because of this. We are built this way.

The question of what we want and what we need can be a tricky discussion, a battling between our adult brain and our inner child. How to differentiate between the two depends on what we learned about money in our childhood. If we have a secure sense of what money provides, we are more likely to have clarity. If however we have witnessed money dysfunction or our parents have disparate money views, we are more likely to have insecure feelings about the role of money in our life. Wanting something always put our attention on what missing in our life.

If we feel to have something irrespective of the fact that, it may or may not needed at all, that is desire. Strong feeling of wanting to have something or wishing something to happen, a carving, a yearning, a longing, an aspiration to achieve a position of importance, all are desires. But often, as soon as our desires are fulfilled, we feel nothing at all. The reason is, we look for happiness in something that can't provide happiness. A desire keeps us wake through the night. That ache won't go until it is satisfied. Desire is the driving force that lead us on the quest of better life. The difference between desire and want is subtle, but contextually super important. Desire is

essentially, dissatisfaction of what is, where as want is an expression of lack. Desire brings us closer and eventually to reality. Desires are most personal and subjective, often extend beyond needs and wants. Desire encompasses a range of needs, wants and aspirations and refers to a general sense of longing. Wanting is generally more concrete, while desiring is more abstract and represents our innermost longing and aspiration. Examples: I desire a sense of purpose in life, I want to love and be loved, I wish to be part of Masai Mara safari, etc.

The word for desire in pali language is 'tanha', its equivalent in sanskrit is 'thrishna'. Tanha is an important concept in buddhism. Buddha identifies tanha as the root cause of our sufferings. Buddhism refers to tanha as; carving for matteral good, pleasure and immortality. These desires can never be satisfied and desiring them can only bring sufferings.

"Desire has not to be destroyed, it has to be purified. Desire has not to be dropped, it has to be transformed. Your very being is desire; to be against it, is to be against yourself and to be against all. To be against it, is to be against the flowers and birds and the sun and moon. To be against it, is to be against all creativity. Desire is creativity". Osho.

Needs, wants and desires are all important parts of economy. The concept of needs, wants, desires and demand are interconnected and play a crucial role in shaping consumer behaviour. Marketers can shape our wants and desires, by exposing consumers to products and services through advertising and promotions.

Needs, wants, desires, all have to be purchased. Needs assume priority when we plan our spending budget. Once needs are met plan for our wants. Desire is another category. The main driving force behind desires is emotion. Give it the last priority. Do not resort to borrowing to satisfy our carvings, it can potentially lead us to debt trap.

Somewhere in life we have to be comfortable with what we have. To conclude, a 'quora' story. A man realised that he is dieing. He saw god coming to him with a suitcase.

God : *It's time to go.*

Man : *So soon? I had lot of plans.*

God : *Sorry, it's time.*

Man : *What's that in the suitcase?.*

God : *Your belongings.*

Man : *You mean my money, my things.*

God : *Those things were never yours, they belong to earth.*

Man : *My talents?.*

God : *They belong to the circumstances.*

Man : *My wife and children?.*

God : *They belong to your heart. Man: my friends and acquaintance?.*

God : *They belong to the path you travelled. Man: my beloved body?.*

God : *It belong to the dust.*

Man : *Then surely my soul must be inside the suitcase?.*

God : *You are mistaken, your soul belongs to me.*

Man with tears took the suitcase and opened it. It was empty. With broken heart Man asked God, I never owned anything?.

God : *That's right, you never owned anything !*

അജ്ഞാതനായ മഹാൻ

Er **യു.എസ്. രവീന്ദ്രൻ**
എക്സിക്യൂട്ടീവ് എൻജിനീയർ (റിട്ട.)

വൃന്ദ പറഞ്ഞ കഥ

എന്റെ വിവാഹമോചനത്തിനുശേഷം ഞാനും മകൻ 8 വയസ്സുള്ള വിക്രമും പുതിയതായി താമസമാക്കിയ അപ്പാർട്ട്മെന്റ് നല്ലതായിരുന്നു. എങ്കിലും മഴയും കാറ്റും നിഞ്ഞ ജീവിത യാത്രയിലെ വെള്ളപ്പൊക്കത്തിൽ ഒരു ചങ്ങാടത്തിൽ പിടിച്ചു തൂങ്ങിക്കിടക്കുന്ന പോലെയായിരുന്നു ഞങ്ങളുടെ മാനസികാവസ്ഥ. വിക്രമിന്റെ അച്ഛൻ താമസിച്ചിരുന്ന സ്ഥലത്ത് നിന്നും 30 മിനിറ്റോളം യാത്ര ചെയ്യുന്ന ദൂരം മാത്രമേ ഞങ്ങളുടെ അപ്പാർട്ട്മെന്റിലേക്ക് ഉണ്ടായിരുന്നുള്ളു. ആദ്യത്തെ ആഴ്ച വിക്രം തന്റെ വിഷമം മുഴുവൻ മുറിക്കകത്തുള്ള ഓരോന്നും അടിച്ചു തകർത്തു തീർക്കുകയായിരുന്നു. അവസാനം പൊട്ടിക്കരഞ്ഞുകൊണ്ട് എന്നെ കെട്ടിപ്പിടിച്ചപ്പോൾ ജീവിതത്തിൽ വന്ന മാറ്റം അവനും അംഗീകരിക്കുകയായിരുന്നു. എന്നാൽ അവനിൽ ഉണ്ടായ മാറ്റം വേറൊരു രൂപത്തിൽ അവനെ അലട്ടി. മരണത്തിനോടുള്ള ഭയം. 'അമ്മേ എനിക്കുറങ്ങാൻ കഴിയുന്നില്ല. മരണത്തെപ്പറ്റിയുള്ള ആലോചന എപ്പോഴും മനസ്സിൽ വരുന്നു'. കണ്ണുതുറപ്പിച്ചുകൊണ്ട്, അവന്റെ കളിപ്പാട്ടങ്ങൾ കെട്ടിപ്പിടിച്ചുകൊണ്ട് അവന്റ കിടപ്പുമിറിയിൽ ഇരുന്ന് എന്നോട് പറയുകയായിരുന്നു.

വിക്രം സ്വയം ഒരു അവിശ്വാസിയായി കരുതിയിരുന്നു. നാലു വയസ്സുള്ളപ്പോൾ അവന്റെ അച്ഛൻ പറഞ്ഞു കൊടുത്തിരുന്നു, 'ചെകുത്താൻ, ദൈവം എന്നു പറയുന്നതെല്ലാം യാഥാർത്ഥ്യങ്ങളല്ലെന്നും നമ്മൾ മരിച്ചാൽ വെറും പൊടിയായി തീരും എന്നും മറ്റും. 'കിൻഡർഗാർട്ടനിൽ വിക്രം ഇതെല്ലാം പറയുമ്പോൾ കുട്ടികളെപ്പോലെ മുതിർന്നവരും പൊട്ടിച്ചിരിക്കുമായിരുന്നു. വിക്രം പറഞ്ഞതിന്റെ വാസ്തവത്തിലുള്ള ചില സംശയങ്ങളോട് കൂടിയാണെങ്കിലും വിക്രം വളർന്നുകൊണ്ടിരിക്കുകയല്ലേ. സമയം എന്ന പ്രതിഭാസത്തെ പറ്റിയും ഒക്കെ വിക്രം എന്തൊക്കെയോ മനസ്സിലാക്കിയിരുന്നു. ഈ ലോകത്ത് ഒന്നും ശാശ്വതം ആയിട്ടുള്ളതല്ല എന്ന വിചാരം ഉണ്ടായതാവാം മരണത്തെ വിക്രം ഭയപ്പെടാൻ കാരണം. പലപല ചിന്തകൾ കൊണ്ട് ഉറക്കംവരാത്ത രാത്രികളിൽ ഞാൻ അവനെ കെട്ടിപ്പിടിച്ച് സാന്ത്വനപ്പെടുത്തുമായിരുന്നു. അങ്ങനെ രാത്രികൾ പല പല അജ്ഞാത സത്യങ്ങൾക്ക് ഇടം കൊടുക്കാതെ ഞങ്ങൾ തള്ളി നീക്കി.

അങ്ങനെയിരിക്കുമ്പോൾ എനിക്കൊരു സാമൂഹിക ഗ്രൂപ്പിൽ അംഗമാകാൻ കഴിഞ്ഞു. ആഴ്ചയിൽ രണ്ടു ദിവസം ഞങ്ങൾ ഒത്തുകൂടും. പ്രത്യേകിച്ച് വലിയ വലിയ കാര്യങ്ങളെപ്പറ്റി ചർച്ചകൾ ഒന്നും ഉണ്ടാകാറില്ലെങ്കിലും സമയം ചെലവഴിക്കാൻ ചില തമാശകൾ പറച്ചിലും പാട്ടും ഡാൻസും ഒക്കെ ഉണ്ടാവും. മീറ്റിംഗ് കഴിഞ്ഞ ശേഷമാണ് ഗ്രൂപ്പ് തിരിഞ്ഞ് സ്വകാര്യ വിശേഷങ്ങൾ പങ്കുവയ്ക്കുക. എനിക്ക് സംസാരിക്കാൻ കൂടുതൽ അടുപ്പം തോന്നിയത് ക്യാൻസർ ബാധിച്ച് ചികിത്സ ചെയ്തുകൊണ്ടിരുന്ന 80 വയസ്സ് കഴിഞ്ഞ രാം അപ്പൂപ്പനോടായിരുന്നു. പൊതുവെ രാം

അപ്പൂപ്പനെ പറ്റി ഗ്രൂപ്പിലുള്ളവർ പറയാറ് അങ്ങേര് ഒരു മുഷിപ്പൻ ആണെന്നും ആരെന്തു പറഞ്ഞാലും അതിനെ എതിർക്കുന്നവൻ ആണെന്നും മറ്റുമാണ്. ഓരോ മീറ്റിങ്ങിനു ശേഷവും അംഗങ്ങൾ പരസ്പരം കൈകോർത്ത് പിടിച്ച് വൃത്താകാരത്തിൽ നിൽക്കുമായിരുന്നു. നിർബന്ധപൂർവ്വമുള്ള ഒരു സ്നേഹ പ്രകടനം എനിക്ക് അസഹനീയമായിരുന്നു. എങ്കിലും ഞാനും കൈകോർത്തു വട്ടമിട്ടു നിൽക്കുന്ന ആ പരിപാടിയിൽ പങ്കെടുക്കാറുണ്ട്. എന്നാൽ രാം അപ്പൂപ്പൻ ആർക്കും കൈ കൊടുക്കാതെ കൈ താഴേക്കിട്ട് കൈപ്പത്തി മടക്കി പിടിച്ചു കൊണ്ടാണ് നിൽക്കാറുള്ളത്. വൃത്തത്തിലെ ഒരു മുറിഞ്ഞ കണ്ണിയെ പോലെ. 'ഞാൻ കിന്റർ ഗാർഡനിലെ കുട്ടിയല്ല' എന്നു പറയും. ഇത് കേൾക്കുമ്പോൾ വിക്രം അടക്കിപ്പിടിച്ച് ചിരിക്കാറുണ്ട്. കുറച്ചു നാൾ കൊണ്ട് വിക്രമും രാം അപ്പൂപ്പനും നല്ല കൂട്ടുകാരായി. ദൈവ വിശ്വാസത്തെപ്പറ്റിയും അവിശ്വാസികളെപറ്റിയും അവർ തമ്മിൽ സംസാരിക്കാറുണ്ട്. ഒരിക്കൽ രാം അപ്പൂപ്പൻ എന്നോട് പറഞ്ഞു 'അവിശ്വാസിയായ ഒരു എട്ടുവയസ്സുകാരനെ ഞാൻ ആദ്യമായിട്ടാണ് കാണുന്നത്. 'ഇതുകേട്ട വിക്രം തിരിച്ചടിച്ചു' അവിശ്വാസിയായ 80 കാരനെ ഞാനും ആദ്യമായിട്ടാണ് കാണുന്നത്. ഇത് കേട്ട രാം അപ്പൂപ്പൻ പൊട്ടിച്ചിരിച്ചു. അവർ സ്ഥിരം കണ്ടുമുട്ടാറുണ്ട്. അന്നത്തെ വിശേഷങ്ങൾ പരസ്പരം ചോദിച്ചറിയാറുണ്ട്. രാം അപ്പൂപ്പൻ പുതിയതായി വാങ്ങിയ ക്യാമറയെപറ്റി വിക്രമിനോട് പറഞ്ഞു. ഹാരി പോട്ടർ വായിച്ചു തീർത്ത വിശേഷങ്ങളും വിക്രം രാം അപ്പൂപ്പനോട് പറഞ്ഞു. ഒരിക്കൽ രാം അപ്പുപ്പൻ എന്നോട് പറഞ്ഞു, 'എന്റെ കാൻസർ രോഗം മൂർച്ഛിച്ചു വരികയാണ്. താമസിയാതെ ആശുപത്രിയിൽ കിടക്കേണ്ടിവരും. ഞാൻ വിക്രമിനോട് ഈ വിവരം സൂചിപ്പിച്ചു. 'വിക്രം നിന്റെ കൂട്ടുകാരൻ അപ്പൂപ്പൻ ഇപ്പോൾ ആശുപത്രിയിലാണ്, ഞാൻ കാണാൻപോകുന്നുണ്ട്'.

അപ്പൂപ്പൻ മരിക്കുവാൻ പോവുകയാണോ? വിക്രം ചോദിച്ചു.

'അതെ'

'ഉടനെ തന്നെ?'

'താമസിയാതെ തന്നെ മരിക്കും. ഈ വേനൽ തീരുന്നതിനുമുൻപ് കണ്ണുനീർ വരാതിരിക്കാൻ ശ്രമിക്കുന്നതിനിടയിൽ ഞാൻ വാക്കുകൾ പറഞ്ഞ് അവസാനിപ്പിച്ചത് ഗദ്ഗദത്തോടെയായിരുന്നു.

ഒരുപക്ഷേ ഞാൻ ക്രൂരയെന്ന് തോന്നിയേക്കാം. എന്റെ മകനെ മരണം ജീവിതത്തിന്റെ ഒരു ഭാഗമാണെന്ന് മനസ്സിലാക്കി കൊടുക്കാനോ കാണിച്ചു കൊടുക്കാനോ ആഗ്രഹിച്ചവളായതുകൊണ്ട്(വിവാഹ മോചനത്തിൽ അവസാനിക്കുന്ന പ്രേമം പോലെ) രാം അപ്പൂപ്പനുമായി വിക്രമിന്റെ ചങ്ങാത്തം വളർത്തിയെടുത്തത് മൂലം അവന്റെ സ്വന്തം മരണത്തെപ്പറ്റിയുള്ള ചിന്തയിലുള്ള ഉത്കണ്ഠ കുറച്ചു കൊണ്ടുവരുവാൻ എനിക്ക് കഴിഞ്ഞു. വിക്രം പറഞ്ഞു 'എനിക്ക് രാം അപ്പൂപ്പനെ ഒന്ന് കാണണമല്ലോ' 'ശരി, നമുക്ക് ഇന്ന് തന്നെ പോകാം' ഞങ്ങൾ ആശുപത്രിയിലേക്ക് യാത്രയായി. രാം അപ്പൂപ്പന് വേണ്ടി വിക്രമിന് എന്തെങ്കിലും സമ്മാനം വാങ്ങിക്കൊണ്ടു പോകണം. അവൻ ആഗ്രഹം അറിയിച്ചു. ഞാൻ പറഞ്ഞു. അപ്പൂപ്പന് കാപ്പി വളരെ ഇഷ്ടമാണ്. നല്ല കാപ്പി ഹോസ്പിറ്റൽ കാന്റീനിൽ നിന്നും വാങ്ങി കൊടുക്കാം. വേറെ എന്താ കൊടുക്കുക ? ഒരു ഡ്രാഗൺ കളിപ്പാട്ടം രാം അപ്പൂപ്പന് വേണ്ടി വിക്രം തിരഞ്ഞെടുത്തു. 'ഒരു കിറുക്കൻ അപ്പൂപ്പന് യോജിച്ചത് തന്നെ'. ഞങ്ങൾ തമാശയായി ചിരിച്ചു.

ഹോസ്പിറ്റൽ കിടക്കമേൽ കിടന്നു കൊണ്ട് വിക്രമിന്റെ സമ്മാനം സന്തോഷ പൂർവ്വം രാം അപ്പൂപ്പൻ കൈനീട്ടി വാങ്ങി. വേറെ ആരോ കൊടുത്ത കുട്ടിച്ചാത്തൻ പാവയ്ക്ക് അടുത്തായി ഡ്രാഗണിനെയും വെച്ചു. എല്ലാവരും ചിരിച്ചു. ഹോസ്പിറ്റൽ കാന്റീനിൽ നിന്നും ഞങ്ങൾ കാപ്പി കുടിച്ചു. കോമൺ റൂമിൽ ഇരുന്നു ചീട്ടുകളിച്ചു. വിക്രം ഒരു പേപ്പറിൽ അവന്റെ സ്കോർ കുറിച്ചിട്ടു. വിക്രമിന് അക്കങ്ങളോടും ചാർട്ട്കളോടും വലിയ താൽപര്യമായിരുന്നു. നമുക്ക് ചെസ്സ് കളിക്കാം' ' രാം അപ്പൂപ്പൻ ചോദിച്ചു. 'വിക്രം ചെസ്സ് കളിക്കാറുണ്ടോ ?' ഇല്ല, അപ്പൂപ്പൻ എന്നെ പഠിപ്പിച്ചാൽ മതിയല്ലോ.?

'ചെസ്സ് കളിക്കാത്ത കുട്ടികളുണ്ടോ ? തമാശയോടുകൂടി അപ്പൂപ്പൻ പറഞ്ഞു.

എല്ലാ ഞായറാഴ്ചകളിലും ഞങ്ങൾ രാം അപ്പൂപ്പനെ കാണാൻ ആശുപത്രിയിൽ പോകാറുണ്ട്. ചെസ്സ്കളിക്കുമ്പോൾ സ്നാക്സ് എന്തെങ്കിലുമൊക്കെ തിന്നുകൊണ്ടിരിക്കും. രാം അപ്പൂപ്പന്റെ പഴയകാല ഓർമ്മകൾ അദ്ദേഹം പങ്കുവയ്ക്കും. എന്നാൽ ഒരിക്ക ലെങ്കിലും അദ്ദേഹം സ്വന്തം ക്യാൻസർ രോഗത്തെപ്പറ്റി പറയുമായിരുന്നില്ല. എന്നാൽ വിക്രം പലപ്പോഴും രാം അപ്പൂപ്പന്റെ അസുഖ ത്തെപ്പറ്റി ചോദിക്കുമായിരുന്നു. ഡോക്ടർ മാരോ ഞാനോ അവനോട് അങ്ങനെ ചെയ്യരു തെന്ന് ഉപദേശിക്കേണ്ടതായിരുന്നു എന്ന് തോന്നി. രാം അപ്പൂപ്പൻ പൊതുവെ ഉന്മേഷവാ നായിരുന്നു. എന്നാൽ കുറച്ചു ദിവസങ്ങൾക്ക് ശേഷം നടക്കാൻ ഊന്നു വടിയുടെ സഹായം വേണ്ടിവന്നു. കുറച്ചു ദിവസങ്ങൾകൂടി കഴിഞ്ഞപ്പോൾ വീൽചെയറിലായി. ഒരാഴ്ച കഴിഞ്ഞപ്പോൾ ഹോസ്പിറ്റലിൽ നിന്നും സാന്ത്വന പരിചരണ കേന്ദ്രത്തിലേക്ക് മാറ്റി. ഹോസ്പിറ്റലിനെ അപേക്ഷിച്ചു സാന്ത്വന പരിചരണ കേന്ദ്രം പൊതുവെ ശാന്ത സമാധാ നമുള്ള ഒരു ഇടമായിരുന്നു. ഹോസ്പിറ്റലിലെ ഗൗരവ സ്വഭാവമുള്ള വ്യക്തികളും അവർ ധരിച്ചിരുന്ന ഗൗണുകളും പലതരത്തിലുള്ള ഉപകരണങ്ങളും വിക്രമിൽ എന്തൊക്കെയോ അസ്വസ്ഥതകൾ ഉണ്ടാക്കിയിരുന്നു. വെളുത്ത വസ്ത്രധാരികളും ചെടികളും മരങ്ങളും നീരൊഴുക്കും മറ്റും സാന്ത്വന പരിചരണ കേന്ദ്രത്തിന് പ്രകാശമുള്ള ഒരു അന്തരീക്ഷം നൽകിയിരുന്നു.

ഒരു ദിവസം രാം അപ്പൂപ്പൻ സാന്ത്വന കേന്ദ്രത്തിന് പുറത്തുള്ള ഒരു കഫെറ്റീരിയ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു ' നമുക്കൊരു ഇടം വരെ പോകാം. വിക്രം മോൻ എന്റെ വീൽചെയർ പതുക്കെ തള്ളിയാൽ മതി എനിക്ക് അവിടെ പോകണമെന്ന് എന്തെന്നി ല്ലാത്ത ആഗ്രഹമുണ്ട്.'

'ശരി, നമുക്ക് അവിടേക്ക് പോകാം'

രാം അപ്പൂപ്പൻ ഇരിക്കുന്ന വീൽചെയർ പതുക്കെ തള്ളിക്കൊണ്ട് വിക്രം നടന്നു. പിന്നാലെ ഞാനും നടന്നു. വീൽചെയർ പെട്ടെന്ന് ഇടത്തോട്ടും വലത്തോട്ടും തിരിക്കുമ്പോൾ രാം അപ്പുപ്പൻ അസ്വസ്ഥൻ ആയിരുന്നെങ്കിലും വിക്രമിന്റെ മുഖത്ത് നോക്കി പുഞ്ചിരിക്കുക മാത്രമേ ചെയ്തുള്ളു. ഞങ്ങൾ 10 മിനിറ്റോളം യാത്ര ചെയ്തു. ഞങ്ങൾക്ക് ഇഷ്ടമുള്ള പലഹാരങ്ങൾ രാമപ്പൂപ്പൻ വാങ്ങി തന്നു. എല്ലാവർക്കും സന്തോഷം നൽകിയ നിമിഷങ്ങൾ ആയിരുന്നു അവ.

രാം അപ്പൂപ്പന്റെ ആരോഗ്യം ദിവസം ചെല്ലുന്തോറും മോശമായിക്കൊണ്ടിരുന്നു. സംസാരിക്കാൻ വയ്യാതായി. അടുത്തയാഴ്ച ഞാനും വിക്രമും ഒരു കാശി യാത്രയ്ക്ക് പ്ലാൻ ഇട്ടിരുന്നു. രാം അപ്പൂപ്പനെ കണ്ട് യാത്ര പറയാൻ പോയി. വിൽചെയറിൽ ഇരുത്തി

ക്കൊണ്ട് ലിഫ്റ്റിൽ ഞങ്ങൾ സാന്ത്വന കേന്ദ്രത്തിന്റെ റൂഫ്ടോപ്പിൽ ഉള്ള ടെറസിലേക്ക് പോയി. അവിടെവച്ച് രാം അപ്പൂപ്പന് ഇഷ്ടപ്പെട്ട കാപ്പി ഉണ്ടാക്കി കൊടുത്തു. കുറച്ചു നേരം അവിടെയിരുന്നു. കാറ്റ് കൊണ്ട ശേഷം തിരിച്ച് രാം അപ്പൂപ്പനെ മുറിയിൽ കൊണ്ടു ചെന്നാക്കി. എന്നെയും വിക്രമിനെയും ചേർത്തുപിടിച്ച്, ആദ്യത്തെയും അവസാനത്തെയും ആയ ആലിംഗനം ചെയ്തുകൊണ്ട് സ്നേഹ വിലക്ഷണ സമ്മിശ്രമായ ആ നിമിഷങ്ങൾക്ക് ശേഷം ഞങ്ങൾ യാത്ര പറഞ്ഞു. ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു. യാത്രയിൽ മുഴുവൻ വിക്രം കരയുകയായിരുന്നു.

വിക്രമും ഞാനും കാശി യാത്രയിലായിരുന്നു. രാം അപ്പൂപ്പന്റെ ഒരു ബന്ധു ഒരു ഫോൺ വിളിച്ചിട്ട് എന്നോട് പറഞ്ഞു 'രാം അപ്പുപ്പന് ഇനി നിമിഷങ്ങൾ മാത്രമേയുള്ളു. സംസാരശേഷി നഷ്ടപ്പെട്ടു'. കുറച്ചു നിമിഷങ്ങൾക്ക് ശേഷം ഞങ്ങൾ വിചാരിച്ചു ഒരു വോയിസ് മെയിൽ അയക്കാം എന്ന്. 'മോനേ രാം അപ്പുപ്പനോട് എന്തെങ്കിലും പറയൂ'. ഞാൻ വിക്രമിനോട് മൊബൈൽ ഫോൺ ചൂണ്ടിക്കൊണ്ട് പറഞ്ഞു.

'ഞാൻ എന്താണ് പറയേണ്ടത്' വിക്രം ചോദിച്ചു.

നിനക്ക് എന്താണ് പറയാനുള്ളത് ?'

'എനിക്കറിയില്ല, ഒരു നല്ല യാത്ര ഉണ്ടാകട്ടെ' സുഖകരമല്ലാത്ത ഒരു ചിരിയോടെ വിക്രം മൊബൈൽ ഫോണിൽ പറഞ്ഞു. മെസ്സേജ് അയച്ചശേഷം വിക്രം പറഞ്ഞു. 'രാം അപ്പൂപ്പൻ അവിശ്വാസിയാണ് എങ്ങോട്ടും പോവില്ല'.

രണ്ടു വർഷങ്ങൾക്കു ശേഷം വിക്രമിന്റെ അമ്മൂമ്മ മരിച്ചു. അമ്മൂമ്മയുടെ മരണവാർത്ത വിക്രം അതിന്റെ ലാളിത്യത്തോടെ സ്വീകരിച്ചു. അപ്പൂപ്പനിൽ നിന്നും മരണത്തെപ്പറ്റിയുള്ള വേണ്ടത്ര അറിവുകൾ അവന് ലഭിച്ചിരുന്നു. വിക്രമിന് ഉറക്കമില്ലാത്ത രാത്രികൾ ഇപ്പോൾ ഇല്ല. ഞായറാഴ്ചകളിൽ രാം അപ്പൂപ്പനും ആയി ചെലവഴിച്ച ശേഷം എല്ലാ അനിശ്ചിതത്വങ്ങളെയും ജീവിതയാഥാർത്ഥ്യമാക്കുവാൻ അവൻ പഠിച്ചു. മരണത്തെ ഇപ്പോൾ അവന് പേടിയില്ല. പക്ഷേ എന്തോ വലിയ ഒരാളെ പേടിയാണെന്ന് അവൻ സമ്മതിക്കുന്നു. ആരാണത് ? അവൻ അവിശ്വാസിയാണെന്ന് എനിക്കുറപ്പില്ല. അവന്റെ ഫോണിൽ മരിച്ചു പോയ അവന്റെ അമ്മൂമ്മയ്ക്കുള്ള മെസ്സേജ് കണ്ടു. ' അമ്മൂമ്മ ഇപ്പോൾ എവിടെയാണ് ? ഞാൻ അവനോട് അതിനെപ്പറ്റി ചോദിച്ചപ്പോൾ അവൻ പറഞ്ഞത് ഇങ്ങനെയാണ്. 'എനിക്ക് ദുഃഖമുണ്ട്, അമ്മൂമ്മയെ നഷ്ടപ്പെട്ടു പക്ഷേ ഇങ്ങനെ ചെയ്യുമ്പോൾ എനിക്ക് കുറച്ച് സമാധാനം തോന്നും'.

മറ്റേതു രക്ഷിതാക്കളെയും പോലെ ഞാനും അവന്റെ മാനസിക ആഘാതങ്ങളെ നേർമപ്പെടുത്താൻ ശ്രമിക്കാറുണ്ട്. അന്ധവിശ്വാസങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കാറുണ്ട്. മരിച്ചുപോയ അമ്മൂമ്മയ്ക്കുള്ള മെസ്സേജ് കണ്ടപ്പോൾ അവന് എന്തോ താളപിശക് ഉണ്ടെന്ന് തോന്നിയിട്ടുണ്ട്. എന്നാൽ മനുഷ്യൻ മരിച്ചുപോയാലും മനസ്സുകളിൽ ജീവിക്കുമെന്ന് അവൻ മനസ്സിലാക്കിയിട്ടുണ്ടെന്ന് എനിക്കറിയാം. മനഃസമാധാനത്തിനുള്ള ഏക വഴി അജ്ഞാതനായ ആ മഹാനെ പ്രാപിക്കുക മാത്രമാണെന്നും!.

പ്രൊഫഷണലിസം - അതിന്റെ പേരോ പീഡനം?

- അനാമിക -

ഇൻഫോസിസ് എന്ന വൻകിട IT കമ്പനിയുടെ സ്ഥാപകനായ ശ്രീ. നാരായണ മൂർത്തി ഈ അടുത്തിടെ ആണ് ഒരു പ്രസ്താവന നടത്തിയത്. ചെറുപ്പക്കാർ ഒരാഴ്ചയിൽ 70 മണിക്കൂർ ജോലി ചെയ്യണമെന്ന്. രാജ്യത്തിന്റെ പുരോഗതിക്ക് ആണത്രേ. ലോകത്തിലെ ഏറ്റവും വികസിതമായ രാജ്യങ്ങളുടെ കണക്ക് എടുത്താൽ, അവിടെ ഉള്ള വാർഷിക ജോലിസമയം 1200-1700 മണിക്കൂറുകൾ, അതായത് ശരാശരി 4-6 മണിക്കൂർ വരെ ആണ് ഒരു ദിവസത്തെ ജോലി സമയം. ഏറ്റവും കൂടുതൽ സന്തോഷത്തിന്റെ അളവ് (happiness quotient) ഉള്ള രാജ്യമായ ഫിൻലണ്ടിലെ ജോലി സമയം ഒരു ദിവസം 4-5 മണിക്കൂർ വരെയും. അതായത്, വികസനവും ജോലി സമയവും തമ്മിൽ ബന്ധമില്ല എന്നർത്ഥം. ജോലി ചെയ്തു ഉണ്ടാക്കുന്ന വരുമാനം, ചിലവഴിക്കാൻ ഉള്ള സമയം കൂടി ഉണ്ടെങ്കിലേ, പണം ക്രയവിക്രയത്തിന് വിനിയോഗിക്കുക വഴി അത് വിപണിയിലേക്ക് ഇറങ്ങുകയും, രാജ്യം പുരോഗതി കൈവരിക്കുകയും ചെയ്യുകയുള്ളൂ. ഇത്തരത്തിൽ ഉള്ള ലൗകികമായ സന്തോഷം കണ്ടെത്തുന്നത് വഴി ഒരു രാജ്യത്തെ ജനങ്ങളുടെ ജീവിതനിലവാരവും, സന്തോഷവും കൂടിയ തലത്തിലേക്ക് ഉയരുന്നതായും പഠനങ്ങൾ തെളിയിക്കുന്നു.

എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വൈദ്യുതി ഭവൻ ഓഫീസുകളിൽ, സസുഖം വാഴുന്ന ചില മേലധികാരികൾക്ക് ശ്രീ. നാരായണ മൂർത്തിയുടെ സിദ്ധാന്തം ആണ് ഹിതം. 10 മുതൽ 5 വരെ ആണ് ജോലി സമയം എന്നിരിക്കെ, കൃത്യം 5 മണി ആകുമ്പോൾ മീറ്റിംഗ് വയ്ക്കുക, ഫയലുകൾ ചർച്ചക്ക് വയ്ക്കുക എന്ന പേക്കൂത്തുകൾ തുടങ്ങും. ചെറിയ മക്കൾ ഉള്ളവർ, കുഞ്ഞുങ്ങളെ ഒക്കെ ആഫ്റ്റർ സ്കൂളുകളിൽ ആക്കി, ഓഫീസിൽ ഇരുന്നു ഉരുകും. അങ്ങനെ ഉള്ള മാനസികാവസ്ഥയിൽ ജോലി എങ്ങനെ കൃത്യമായി നടക്കും എന്ന് ചോദിക്കാൻ പാടില്ല, ഈ മേധാവികളോട്. അങ്ങനെ എങ്ങാനും ചോദിച്ചു പോയാൽ, പിന്നെ അവരുടെ നിസ്വാർത്ഥ സേവനത്തിന്റെ കഥയും, വാങ്ങുന്ന ശമ്പളത്തിന്റെ കണക്കും പറഞ്ഞു തുടങ്ങി, ഒടുവിൽ നിങ്ങളുടെ ഒക്കെ വീട്ടിലുള്ളവർക്ക് പിള്ളേരെ വിളിച്ചൂടെ, അവർക്കൊക്കെ എന്താണ് ജോലി എന്നിങ്ങനെ ഉള്ള വ്യക്തിപരമായ അധിക്ഷേപത്തിലേക്ക് വരെ നീളും. ഈ പറയുന്ന മേലധികാരികൾ, കാലങ്ങളോളം വൈദ്യുതി ഭവന്റെ സുഖലോലുപതയിൽ, പല തരത്തിലുള്ള പ്രൊടെക്ഷനുകൾ കൈപ്പറ്റി നല്ല സൗകര്യ ത്തിൽ ജോലി ചെയ്തു (?) വന്നവരാണ്. Distribution, Transmission, Generation മേഖലയിൽ, ഫീൽഡിൽ ഒരിക്കൽ പോലും പോയി വിയർത്തിട്ടില്ലാത്തവർ.സ്വന്തം ജില്ല വിട്ടുപോയി ജോലി ചെയ്യാത്തവർ. അത്തരത്തിൽ ഒക്കെ മാറി നിന്നു, ജോലി ചെയ്തു ഇൻഡക്സ് ഉണ്ടാക്കി വൈദ്യുതി ഭവനിൽ വന്നു പെടുന്ന യുവ എൻജിനീയർ മാരെ അധിക്ഷേ പിച്ചു, മുൾമുനയിൽ നിർത്തി പണി എടുപ്പിക്കും.

രാത്രി 7 മണി വരെയും, ചില ദിവസങ്ങളിൽ 9 മണി വരെയും നീളുന്ന മീറ്റിംഗുകൾ, ചർച്ചകൾ, ഫയൽ നോട്ടം എന്നിവയുടെ ബാക്കി പത്രമായി, പിറ്റെ ദിവസം ഒരൽപം താമസിച്ച് ഓഫീസിലേക്ക് വരുന്നവരുടെ ഹാജർ വരക്കൽ ആണ് അടുത്ത നടപടി. വൈദ്യുതി ഭവൻ ഓഫീസുകളിൽ പഞ്ചിങ് സിസ്റ്റം ആണെങ്കിലും, ഇപ്പോഴും ഹാജർ ബുക്ക് എല്ലാ ഓഫീസുകളിലും ഉണ്ട്. 250 മിനുട്ടുകൾ ഒരു മാസം പെർമിഷൻ ഉണ്ട്

എങ്കിലും, മേൽ പറഞ്ഞ പോലെ ചില sadist mentality ഉള്ള മേലനങ്ങാധികാരികൾ അറ്റെന്റൻസ് ബുക്ക് കെട്ടിപിടിച്ചു വച്ചും, HRIS അറ്റന്റൻസ് മാനേജ്മെന്റ് സിസ്റ്റം അതു കൈകാര്യം ചെയ്യേണ്ട എക്സിക്യൂട്ടിവ് എൻജിനീയർമാരെ ഏൽപ്പിക്കാതെയും കൈയ്യടക്കിവയ്ക്കും. രാത്രി 8-9 മണി വരെ ഓഫീസിൽ ഇരുന്നവർ, പിറ്റേന്ന് വരുന്നത് താമസിച്ചാൽ അത് ലീവ് ആക്കാൻ ആണ് ഈ കൈയ്യടക്കൽ. പക്ഷേ മീറ്റിംഗ് വച്ച മേലധികാരികൾ അവട്ടെ 11 മണിക്കോ ഉച്ചക്കോ ഒക്കെ വന്നു, HRIS ൽ മാനുവൽ ആയി പഞ്ച് ചെയ്തു അവരുടെ ലീവ് കാത്തു സൂക്ഷിക്കും. ഇതിൽ വ്യക്തിപരമായ ആവശ്യങ്ങൾക്ക് ഹെഡ് ക്വാർട്ടേഴ്സ് വിട്ടു പോയപ്പോൾ പോലും ചാർജ് (HRIS അറ്റന്റൻസ് മാനേജ്മെന്റ് സിസ്റ്റം ഉൾപടെ) കൊടുക്കാതെ, ആ ഓഫിസിലെ എല്ലാ ജീവനക്കാരുടെയും അറ്റന്റൻസ് വൈകിപ്പിച്ചവരും ഉണ്ട്.

ലഞ്ച് ബ്രേക്ക് സമയമായ, ഉച്ചയ്ക്ക് 1.10 മണി തൊട്ട് 2 മണി വരെ മനസമധനമായി 2 വറ്റ് കഴിക്കാം എന്നുവച്ചാൽ, അപ്പോഴും ഡിസ്കണക്ഷൻ വച്ച്, വീട്ടിൽ പോയി കുഞ്ഞുങ്ങളെ മുലയൂട്ടുന്ന അമ്മമാർക്ക് വരെ ബുദ്ധിമുട്ടിക്കുന്ന ഹിറ്റ്ലർ മനോഭാവം ഉള്ള അപ്പീസർമാരും കുറവല്ല . Paralysis ബാധിച്ചു കിടക്കുന്ന ഭർത്താവിന്, മരുന്നും ആഹാരവും കൊടുക്കാൻ ലഞ്ച് ബ്രേക്കിന് പോകേണ്ടിയിരുന്ന എക്സിക്യൂട്ടീവ് എൻജിനീയറെ പിടിച്ചു വെക്കുന്ന, അനന്തമായി നീളുന്ന പീഡനത്തിന്റെ പേരാണ്, 'മീറ്റിംഗ്' എതിർപ്പ് പ്രകടിപ്പിച്ചാൽ, സൗകര്യമില്ലെങ്കിൽ ലീവ് എടുത്തു പോകാൻ ആജ്ഞ, സ്റ്റാഫ് മീറ്റിംഗിൽ എഴുന്നേൽപ്പിച്ചു നിറുത്തി അപമാനിക്കൽ, കൂടുതൽ ജോലിയും, പീഡനവും! ഇങ്ങനെ ഉള്ള കടുത്ത മാനസിക സമ്മർദ്ദത്തിൽ ജോലി എടുപ്പിക്കുമ്പോൾ വരുന്ന നിസ്സാരമായ ക്ലറിക്കൽ തെറ്റുകൾക്ക് പോലും കടുത്ത, അപമര്യാദയായ ഭാഷയിൽ അവഹേളനം. ഇതൊക്കെ സഹിച്ചും ക്ഷമിച്ചും, ഇതൊക്കെ ആണ് മാനേജ്മെന്റ് തന്ത്രങ്ങൾ എന്ന് മേനി പറഞ്ഞും , ഈ മേലധികാരികൾ ഉരുക്കി എടുക്കുന്നത്, ജോലിയോട് യാതൊരു സ്നേഹവും പ്രതിബദ്ധതയും ഇല്ലാത്ത ഒരു തലമുറയെ ആണ്.

ഫീൽഡിൽ കർമനിരതരായി ഇരിക്കുന്ന എൻജിനീയർമാരെ പോലും, ജോലി ചെയ്യാൻ സമയം കൊടുക്കാതെ, മീറ്റിംഗുകൾ എന്ന പ്രഹസനതിന് വിളിച്ചു വരുത്തി അവരെ കടുത്ത മാനസിക സമ്മർദ്ദത്തിൽ ആഴ്ത്തി, അതിൽ സന്തോഷം കണ്ടെത്തുന്ന സാഡിസ്റ്റുകൾ ആയി മാറിയ ഒരു തലമുറ ആണ് ഇപ്പോഴത്തെ എക്സിക്യൂട്ടിവ് എൻജിനീയർ മുതൽ മുകളിലോട്ട് ഉള്ളവരിൽ ചിലർ. 7 മണി വരെ നീണ്ട മീറ്റിംഗിൽ, 500 കി.മി അപ്പുറം ഉള്ള നാട്ടിലേക്ക് പോകാൻ അനുവാദം ചോദിച്ചു ഓഫീസറെ 15 മിനിറ്റോളം അവഹേളിച്ചതിന്, അദേഹം പരാതി കൊടുത്തത് ഈയിടെ ആണ്. ആഹാരം കഴിക്കാതെയും, വെള്ളം കുടിക്കാതെയും, ഈ പറഞ്ഞ പ്രഹസന- മീറ്റിങ്ങിനു ഇരുന്ന ഒരു ഓഫീസർ തലകറങ്ങി വീണത് ഈയിടെ, KSEBLപോലുള്ള ഒരു സ്ഥാപനത്തിൽ ആണ്. ഒരു ദിവസമോ രണ്ടു ദിവസമോ, ജോലിയുടെ ഗൗരവം കണക്കിലെടുത്തും സ്വയം അത്, തിരിച്ചറിഞ്ഞും കുറച്ച് അധികം സമയം നിൽക്കുന്നതിന്റെ കാര്യമല്ല ഈ പറയുന്നത്. അതൊക്കെ സ്വമേധയാ ചെയ്യുന്ന ജീവനക്കാർ തന്നെയാണ് KSEBL ൽ ഉള്ളത്. പക്ഷെ, ഒരു പീഡന തന്ത്രം എന്നപോലെ, ഒരു അധികാരം കാണിക്കൽ എന്നപോലെ, അടിമത്വമനോഭാവത്തോടെ നിരന്തരമായി ഒരു ഓഫീസിലെ ഓഫീസർമാരെ ടോർച്ചർ ചെയ്യുന്ന അവസ്ഥ പലയിടങ്ങളിലും ഉണ്ട് എന്നതാണ് വെളിവാകുന്നത്.

കവിത

അഭിനയം പൂത്ത അരങ്ങുകൾ

Er സുരേഷ്‌കുമാർ
എക്സിക്യൂട്ടീവ് എൻജിനീയർ

ആകാംക്ഷാഭാരം ചുമന്ന്
നാടകവേദിക്കു മുന്നിൽ
അടുത്ത ബെല്ലിനുകാതോർത്ത്
വീർപ്പടക്കിനിന്നവർ,
വെറും കാഴ്ചക്കാർ........
ഇവിടെവിടെയോ ഞാൻ
നടനലഹരിയിൽ സ്വയംമറന്ന്
തിരിച്ചറിവുനഷ്ടപ്പെട്ടവൻ !
സ്വത്വമെങ്ങോകളഞ്ഞുപോയവൻ !
അല്ല, നമ്മളെല്ലാം ....
എന്നിലെയും നിന്നിലെയും
വെളിച്ചങ്ങളെല്ലാം കെടുത്തി
നാടകം സമാരംഭിക്കുന്നു........
അവതരണവിലാപമാർത്തലയ്ക്കുന്നു,
ചെമപ്പിച്ച കർട്ടനുയരുന്നു,
ഭൂമിയെത്തൊട്ടൊരാത്മാവിന്റെ
ജനിവിലാപം.......

തുടക്കത്തിൽ പ്രബോധകന്റെ
വിരുതനുസരിച്ച്
തിരനാടകത്തിൽനിന്നേറെ
വ്യതിചലിക്കാതെ മുന്നേറുന്നു.
കാലയവനികയ്ക്കപ്പുറം
വിട്ടുപോയ ഭാഗങ്ങൾ
മനോധർമ്മമനുസരിച്ച്
പൂരിപ്പിച്ച് കഥയുടെ
തുടക്കുവുമൊടുക്കവും
കൂട്ടിമുട്ടിക്കാൻ പെടാപ്പാടുപെടുന്ന
കഥാപാത്രങ്ങളിലൂടെ
ജീവിതമാടിത്തളരുന്നു.
പോകെപ്പോകെ രംഗവിതാനത്തിൽ
മങ്ങിയ വിളക്കുമരത്തിന്റെ (?)
വിളറിയ വെട്ടംമാത്രം............

കുടിക്കാനുള്ള വെള്ളം ചൂടാക്കാത്തിന്, മേശ തുടച്ചു ഇടാത്തത്തിന്, ഫോട്ടോസ്റ്റാറ്റ് എടുക്കാത്തതിന് ഒക്കെയും TA മാരെ , നിങ്ങളുടെ ഒക്കെ മുഖം കാണുന്നത് തന്നെ ചതുർഥിയാണെന്ന് അധിക്ഷേപിച്ചു സന്തോഷിക്കുന്ന മേലധികാരികളും ഈ നൂറ്റാണ്ടിൽ ഉണ്ട്. മേൽ പറയുന്ന ബോർഡിന് വേണ്ടി ജീവിതം ത്യജിച്ച മേൽ അധികാരികളുടെ പഞ്ചിങ് ഡാറ്റയും ഇ ഫയൽ മൂവ്മെന്റ്, എടുത്തു പരിശോധിച്ചാൽ അറിയാം അവരുടെ കർമ നിരതയും, കൃത്യനിഷ്ഠയും. കേഡറിൽ താഴെയുള്ള ഓഫീസർമാർക്ക് എതിരെ കൃത്യമായി നടപടി കൈക്കൊള്ളുന്ന ബോർഡ് മാനേജ്മെന്റ് , ഇത്തരത്തിൽ പരമ ചെറ്റത്തരം കാണിക്കുന്ന അധികാരികൾക്കെതിരെയും നടപടി കൈക്കൊള്ളേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു.

വർക്ക്മെൻ കാറ്റഗറിയിൽ പെട്ട തൊഴിലാളികൾക്കായി ജോലി സമയം 8 മണിക്കൂർ ആയി നിജപ്പെടത്തിയ കോടതി വിധിയുണ്ട്.അവർക്ക് വേണ്ടി സംസാരിക്കാൻ യൂണിയനുകളും. എന്നാൽ 24 മണിക്കൂറും ഡ്യൂട്ടിയിൽ എന്ന് പറയപ്പെടുന്ന ഓഫീസർമാർക്ക് നേരെ ഉള്ള ഇത്തരം മാനസിക പീഡനങ്ങൾ ഇനി എത്ര നാൾ കൂടി സഹിക്കണം?

ഒരു ആത്മഹത്യ വരെ കാത്തിരിക്കണമോ, പ്രതിഷേധത്തിന്റെ ശബ്ദം ഉയരാൻ?

അരങ്ങത്തുമാത്രമൊതുങ്ങാതെ
പുകഞ്ഞുതീരും ചില നിഴലുകൾ
പറന്നുപൊങ്ങുമുന്മാദം,
പിന്നെ വേച്ചുവിറച്ചുവീഴും........
നഗരമദ്യശാലകൾ നുരയും
മാരീചലഹരിയിലെന്നപോലെ
ആരെയൊക്കെയോ
മാടിമാടിവിളിക്കുന്നു....
പതിവുപോലെ
പതിവ്രതാഭർത്സനം തുടരുന്നു,
അതിർത്തിവൃത്തത്തിനപ്പുറം
ലക്ഷ്മണായനം...........
ചില രംഗപടങ്ങളിടയ്ക്കു
പൊടുന്നനെ മാറിമറിയുന്നുണ്ട്.....
പ്രണയം പ്രതികാരത്തിലേക്ക്
നായകൻ പ്രതിനായകനിലേക്ക്
മിത്രങ്ങൾ ശത്രുക്കളായ്
അടുത്തവരകന്നവരായ്
ഈറ്റില്ലം പട്ടടയായ്
അമൃതം കാളകൂടമായ്.........
നാടകക്കാഴ്ചകൾക്കിട-
യ്ക്കുദ്വേഗമുണർത്തി
കാലം നടുങ്ങുന്ന
ചില നിശ്ചലദൃശ്യങ്ങൾ.........
കാണുന്നമാത്രയിൽ
കെട്ടിപ്പിടിച്ചുമ്മവച്ചവർ
സൗഹൃദചതുരംഗപ്പലകകളിൽ
കുതികാലുവെട്ടിക്കളിക്കുന്നു....
മറ്റുള്ളോർക്കായി
കുരിശുചുമന്നവർക്കൊരു
മുൾക്കിരീടംകൂടി
ചാർത്തിക്കൊടുക്കുന്നു
ഉപകാരസ്മരണയായി ....
മറയില്ലാത്ത സത്യത്തെ
മറഞ്ഞുനിന്നുകല്ലെറിയുന്നു........
ധർമ്മോപദേശം തന്നവന്റെ
കാൽവിരലഗ്രം നോക്കി
കൂരമ്പെയ്യുന്നു........

ചതിയുടെ കനൽച്ചാരം മൂടിയ
റോമാവീഥികളിൽ തനിച്ചായിപ്പോയ
നെഞ്ചിലൂടഗ്നിശൈലത്തിൻലാവ
വീണ്ടുംപൊട്ടിയൊഴുകുന്നു.......
പകച്ചുനിൽക്കുന്ന ദൈന്യാത്മാ-
വിപ്പോഴുമലറിവിളിക്കുന്നുണ്ടോ?
'ബ്രൂട്ടസേ... നീയും...'
ചില അടയാളങ്ങളിപ്പോഴും
ഗ്രഹണനിഴൽപോലെ
മറവിയുടെ മറവിൽ....
'മുദ്രമോതിരം '..... 'പട്ടുതൂവാല'....
ഒടുവിലൊടുവിൽ........
വിശ്വമാനവികതയുടെയമ്മയായ്
വിപ്ലവകാരിയുടെയമ്മ........
അങ്ങനെയങ്ങനെയേതും.
അണിയറശില്പികളാരും
അരങ്ങത്തുവരുന്നില്ല,
ഒരുവട്ടം കണ്ടവർ
പിന്നെ കാണികളുമാകുന്നില്ല!
എങ്കിലും നാടകങ്ങൾക്കെല്ലാ-
മൊരേക്ലൈമാക്സ് രംഗമെന്ന്
ആരോ പറഞ്ഞുവച്ചതെങ്ങനെ?
ഇവിടെയഭിനയമാടിത്തകർ -
ത്തരങ്ങുകൊഴുക്കുന്നു.....
എന്റെയും നിന്റെയും
അല്ല, എല്ലാവരുടെയും
വാക്കുകൾ ബന്ധങ്ങൾ തീർക്കുന്നു (?)
ഇടയ്ക്ക്, പക്ഷേ
തിരശ്ശീല താഴ്ത്തുന്ന ചരട്
രംഗബോധമില്ലാത്തവന്റെ
കൈകളിൽ പിടിപ്പിച്ചതെന്തിനായിരുന്നു?

ഗാനമാധുരി - 16

വിഷു - ആഘോഷവും ഐതിഹ്യവും പാട്ടുകളും

Er പി.വി. പ്രമോദ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ

മലയാളികളുടെ ദേശീയോത്സവമായ വിഷു കേരളത്തിന്റെ കാർഷിക സംസ്കാരത്തിന്റെയും ഐശ്വര്യത്തിന്റെയും സമ്പൽസമൃദ്ധിയുടെയും ആഘോഷമാണ്. സാധാരണയായി മലയാളമാസം മേടം ഒന്നിനാണ് വിഷു ആഘോഷിക്കുന്നത്. വിളവെടുക്കുന്നതിനു മാത്രമല്ല വിളവിറക്കുന്നതിനും നമുക്ക് കാർഷികോൽസവങ്ങളുണ്ട്. അങ്ങിനെ പുതുവർഷത്തിന്റെ തുടക്കമായും കൃഷിയിറക്കാനുള്ള ഉത്തമദിവസമായും വിഷുദിനം പരിഗണിക്കപ്പെടുന്നു.

കേരളത്തിന്റെ ദേശീയാഘോഷങ്ങളായ ഓണവും വിഷുവും കാർഷിക വിളവെടുപ്പുത്സവങ്ങൾ കൂടിയാണ്. ഓണം മുഖ്യമായും വിരിപ്പു കൃഷിയുമായി (നെല്ല്) ബന്ധപ്പെട്ടതാണ്. എന്നാൽ വിഷുവാകട്ടെ വേനൽ പച്ചക്കറി വിളകളുടെയും മാങ്ങ, ചക്ക തുടങ്ങിയ വൃക്ഷവിളകളുടെയും ഉൽസവമാണ്.

വിഷുവം-മേടവിഷുവും തുലാവിഷുവും

വിഷുവം അഥവാ വിഷു എന്നാൽ സമരാത്രദിനമാണ് - രാത്രിയും പകലും തുല്യമായ ദിവസം. അന്ന് സൂര്യന്റെ സ്ഥാനം ഭൂമിയുടെ കൃത്യം മധ്യത്തിലായതിനാൽ സൂര്യൻ തന്റെ ചൂടും വെളിച്ചവും ഭൂമിയിലെ നിവാസികൾക്ക് തുല്യമായി നൽകുന്നു. അങ്ങനെ വിഷു ഒരു തുല്യതയുടെ ദിനമാണെന്ന് പറയാം. സൂര്യ പ്രകാശം ഭൂമധ്യരേഖാ പ്രദേശത്ത് 90 ഡിഗ്രി യിൽ നേരെയാണ് പതിക്കുന്ന അന്ന് സൂര്യൻ നേരെ കിഴക്കാണ് ഉദിക്കുന്നത് .

ഒരു വർഷത്തിൽ സമരാത്രദിനങ്ങൾ രണ്ടു പ്രാവശ്യം ഉണ്ടാകും. അത് മാർച്ച് 21/22, സപ്തമ്പർ 22/23 ദിവസങ്ങളിലാണ്. ഇത് കേരളത്തിൽ യഥാക്രമം മേടമാസത്തിന്റെയും തുലാമാസത്തിന്റെയും തുടക്കത്തിലാണ്. അങ്ങിനെ നമുക്ക് രണ്ടുതരം വിഷുവുണ്ട് - മേടവിഷുവും തുലാവിഷുവും .

സൂര്യന്റെ തെക്കുനിന്ന് വടക്കോട്ടുള്ള സഞ്ചാരത്തിനിടയിൽ(ഉത്തരായനം) മാർച്ചിൽ വരുന്ന വിഷുവം ആണ് മഹാ വിഷുവം. ഉത്തരാർദ്ധ ഗോളത്തിൽ ഇക്കാലത്ത് വസന്തമായതിനാൽ ഇതിനെ 'വസന്ത വിഷുവം' എന്നു വിളിക്കുന്നു. ഇതാണ് നമ്മുടെ മേടവിഷു അഥവാ വിഷു.

വിഷു കേരളത്തിലെ വസന്ത കാലത്തിന്റെ ആരംഭം കുറിക്കുന്നു. പ്രകൃതി പുഷ്പാഭരണങ്ങൾ ചാർത്തി വിഷുദിനത്തെ വരവേൽക്കുന്നു. നാടെങ്ങും പൂക്കുന്ന കന്നിക്കൊന്നകൾ വിഷുവിന്റെ ആഗമനത്തിന്റെ സൂചനയാണ്. പാട്ടു പാടുന്ന കിളികൾ, ഫലങ്ങൾ നിറഞ്ഞു നിൽക്കുന്ന വൃക്ഷങ്ങൾ, പ്രസന്നമായ പ്രകൃതി, എവിടെയും സമൃദ്ധിയും സന്തോഷവും നിറഞ്ഞ അന്തരീക്ഷം എന്നിവ വിഷുവിന്റെ സവിശേഷതകളാണ്.

ദക്ഷിണായനത്തിൽ സപ്തമ്പർ മാസത്തിൽ സംഭവിക്കുന്നതാണ് ശരത് വിഷുവം. അന്നാണ് ദീപാവലി ആഘോഷിക്കുന്നത്.

വിഷുവും സംക്രമവും

ഭാരതീയ ജ്യോതിശാസ്ത്രത്തിന് സൗരമെന്നും ചാന്ദ്രമെന്നുമായി രണ്ടു വിഭാഗങ്ങളുണ്ട്. സൗര ഗണിതത്തിൽ വരുന്നതാണ് മേടം,ഇടവം തുടങ്ങിയ 12 മാസങ്ങൾ. ആകാശതിഥിയെ 12 ഭാഗങ്ങളാക്കിയതിൽ ഓരോ ഭാഗത്തെയും 'രാശി' എന്നാണ് പറയുന്നത്. സൂര്യന്റെ ആകർഷണവലയം ഒരു രാശിയിൽ നിന്നും മറ്റൊരു രാശിയിലേക്ക് കടക്കുന്ന വേളയെ 'സംക്രമം' എന്ന് വിശേഷിപ്പിക്കുന്നു.

സൂര്യൻ മീനം രാശിയിൽ നിന്നും മേടം രാശിയിലേക്ക് കടക്കുന്ന ശുഭവേളയാണ് 'മേടസംക്രമം' അഥവാ 'രവി സംക്രമം'. മേട സംക്രമം കഴിഞ്ഞു വരുന്ന സൂര്യോദ യമാണ് വിഷുവിന്റേത്.

മേടസംക്രമത്തിനു ശേഷം വരുന്ന ഈ സൂര്യോദയ ദിനത്തിലാണ് കണികാണുന്നതും വിഷു ആഘോഷിക്കുന്നതും.

ഉദയത്തിനു മുമ്പാണ് സംക്രമം എങ്കിൽ മേടം -1നും ഉദയത്തിന് ശേഷമാണെങ്കിൽ മേടം - 2 നും ആണ് വിഷു. ഉദാഹരണത്തിന് 2023 ൽ മേടം 1 (ഏപ്രിൽ 14) രാവിലെ 8.14 ന് ആയിരുന്നു മേടസംക്രമം. അതിനാൽ അടുത്ത ദിനമായ മേടം 2 വിഷു ദിനമായി.

വിഷു - കാർഷിക വർഷാരംഭം

കേരളത്തിൽ പണ്ട് വിഷുവായിരുന്നു നവവൽസരദിനം. എന്നാൽ കൊല്ലവർഷത്തെ കേരളത്തിന്റെ കലണ്ടറായി അംഗീകരിച്ചതോടെ മലയാള മാസം ചിങ്ങം-1 മലയാളികളുടെ പുതുവർഷദിനമായി മാറുകയായിരുന്നു.

ഞായറിന്റെ (സൂര്യന്റെ) ഒരു നക്ഷത്രത്തിലെ സഹവാസമാണ് ഒരു ഞാറ്റുവേല. രണ്ടാഴ്ചയാണ് ഒരു ഞാറ്റുവേലയുടെ കാലം.

കേരളത്തിൽ കൃഷിപ്പണികൾ തുടങ്ങാനുള്ള പരമ്പരാഗത കലണ്ടറാണ് ഞാറ്റുവേലക്കലണ്ടർ. ഒരു വർഷത്തിൽ 27 നക്ഷത്രങ്ങൾക്കനുസരിച്ച് 27 ഞാറ്റുവേലകൾ ഉണ്ടായിരിക്കും - അശ്വതി മുതൽ രേവതി വരെ.

ഈ ഞാറ്റുവേല കലണ്ടറിന്റെ ആരംഭം വിഷുദിനത്തിലാണ്. അശ്വതി ഞാറ്റുവേലയിലാണ് കൃഷിപ്പണികൾ തുടങ്ങുന്നത്. അങ്ങനെ കാർഷിക വർഷത്തിന്റെ ആരംഭ ദിനമായി വിഷുവിനെ കണക്കാക്കാം.

ചരിത്രത്തിലെ വിഷു

വിഷ്ണു പുരാണം രണ്ടാം അംശം എട്ടാം അധ്യായത്തിൽ വിഷുവിനെക്കുറിച്ചു പരാമർശമുണ്ട്.

വിഷുവിനെപ്പറ്റിയുള്ള ഏറ്റവും പഴക്കം ചെന്ന ചരിത്രരേഖയാണ് ക്രിസ്തുവർഷം പത്താം നൂറ്റാണ്ടിലെ 'നെടുംപുറം തളിരേഖ '. വിഷുവിന് നെല്ല് അളന്നു നൽകുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങളാണ് ചേര രാജാക്കൻമാരുടെ കാലത്തുള്ള ഈ രേഖയിലുള്ളത്. ഇതിൽ പറയുന്ന നെടുപുറം തളി എന്ന സ്ഥലം ഇന്നത്തെ തൃശൂർ ജില്ലയിലെ 'തളി ' എന്ന ഗ്രാമമാണെന്ന് കരുതപ്പെടുന്നു.

പൗരാണിക കേരളത്തിലെ ചേര രാജാവായ ഭാസ്കര രവിവർമ്മയുടെ തൃക്കൊടിത്താനം ശാസനത്തിൽ വിഷുവിനെ പറ്റി വിവരണമുണ്ട്. ഈ ശാസനത്തിൽ മേടവിഷുവിനെയും ചിത്തിരവിഷുവിനെയും പരാമർശിക്കുന്നു.

വിഷു ഇന്ത്യയിൽ

രവിസംക്രമം കേരളത്തിൽ മാത്രമല്ല മറ്റു ചില സംസ്ഥാനങ്ങളിലും ആഘോഷിച്ചു വരുന്നു. അസമിലെ ബിഹു, കർണ്ണാടകയിലെയും ആന്ധ്രയിലെയും ഉഗാദി,പഞ്ചാബിലെ ബൈശാഖി എന്നിവ വിഷുവിന് സമാനമായ ആഘോഷങ്ങളാണ്.

കണിമുഹൂർത്തവും വിശ്വാസവും

ഭാരതീയ ജ്യോതിഷ വിശ്വാസമനുസരിച്ച് കിഴക്കെ ചക്രവാളത്തിൽ നിന്ന് വരുന്ന സൂര്യകിരണങ്ങൾ വടക്കെ ചക്രവാളത്തിൽ നിന്ന് വരുന്ന 27 നക്ഷത്രഗണങ്ങളുടെ രശ്മികളുമായി ചേർന്ന് ഭൂമണ്ഡലത്തിൽ 27 ഞാറ്റുവേലകൾ ഉണ്ടാക്കുന്നു. രശ്മികളുടെ ഈ സങ്കലനം ഭൂമിയുടെ പ്രകൃതിയിൽ ചില ശുഭവും അശുഭവുമായ ചില വേളകൾ സൃഷ്ടിക്കുന്നു. ഈ വേളകൾക്കനുസരിച്ച് സമൂഹ ജീവിതം ചിട്ടപ്പെടുത്താൻ പൂർവികർ ആവിഷ്കരിച്ചതാണത്രെ വ്രതങ്ങളും ആചാരങ്ങളും .

വിഷുവിന് ഈ കിഴക്കൻ സൂര്യരശ്മികളും വടക്കൻ നക്ഷത്രരശ്മികളും 90 ഡിഗ്രി കോണിൽ. സമാസമ അനുപാതത്തിൽ കൂട്ടിമുട്ടുമ്പോൾ പ്രകൃതിയിൽ ശുഭമുഹൂർത്തം സൃഷ്ടിക്കപ്പെടും എന്നും അപ്പോൾ കണി കാണുന്നത് എറ്റവും അനുയോജ്യം എന്നുമാണ് വിശ്വാസം..

പ്രസ്തുത രശ്മി സഞ്ചയത്തെ ഫലങ്ങൾ, ധാന്യങ്ങൾ, സ്വർണാഭരണം, ലോഹപാത്രങ്ങൾ, സുവർണപുഷ്പങ്ങൾ, ശുഭ്രവസ്ത്രം എന്നിവയുടെ സാന്നിധ്യത്തിൽ കത്തുന്ന ദീപത്തിന്റെ സഹായത്താൽ ആഗിരണം ചെയ്ത് ശുഭകരമായ ഊർജം നിറഞ്ഞ അന്തരീക്ഷം ഉണ്ടാക്കുന്നതാണ് കണിവെക്കൽ ചടങ്ങ്. കണികാണുമ്പോൾ ഈ നല്ല ഊർജം നേത്രങ്ങൾ വഴി മസ്തിഷ്കത്തിൽ എത്തി ബുദ്ധിശക്തി, മനക്കരുത്ത്, ശുഭപ്രതീക്ഷ എന്നിവ വികസിപ്പിക്കുമത്രെ.

പുലർകാലത്ത് സംക്രമവേളയിലെ കണി കാണൽ ആ വർഷത്തെ മുഴുവൻ ഐശ്വര്യത്തിനും സമ്പൽ സമൃദ്ധിക്കും കാരണമാകുമെന്നാണ് പൊതുവായ വിശ്വാസം.

വിഷുവിന്റെ ഐതിഹ്യങ്ങൾ

വിഷുവിന്റെ ഉൽഭവത്തെപ്പറ്റി രണ്ട് ഐതിഹ്യങ്ങളാണുള്ളത്.

ഹിരണ്യാക്ഷൻ എന്ന അസുരന്റെയും ഭൂമിദേവിയുടെയും പുത്രനായിരുന്നു നരകാസുരൻ . മഹാവിഷ്ണുവിനല്ലാതെ തന്ന വധിക്കാൻ കഴിയില്ല എന്ന വരം നേടിയെടുത്ത അഹങ്കാരിയായ നരകാസുരൻ ദേവൻമാർക്ക് വലിയ ഉപദ്രവമുണ്ടാക്കി. നരകാസുരന്റെ രാജധാനി നിൽക്കുന്ന നഗരമാണ് പ്രാക്ജ്യോതിഷത്തിന് ശക്തമായ കാവലാണ് ഏർപ്പെടുത്തിയിരുന്നത്. ഒരിക്കൽ ദേവലോകത്ത് ചെന്ന നരകാസുരൻ ദേവമാതാവായ അദിതിയുടെ കുണ്ഡലങ്ങളും ഇന്ദ്രന്റെ വെൺകൊറ്റക്കുടയും തട്ടിയെടുത്തു. ഇന്ദ്രൻ ശ്രീകൃഷ്ണനോട് സഹായം അഭ്യർത്ഥിച്ചു.

ശ്രീകൃഷ്ണൻ പത്നി സത്യഭാമയുമൊത്ത് ഗരുഡാരൂഢനായി പ്രാക്ജ്യോതിഷത്തിലേക്ക് പ്രവേശിച്ച് നഗരം നേരിൽ കണ്ട് അവിടത്തെ കാര്യങ്ങൾ മനസ്സിലാക്കി.തുടർന്ന് കൃഷ്ണനും ഭാമയും ഗരുഢനും അസുരൻമാരോട് യുദ്ധം ചെയ്ത് മുരൻ, താമ്രൻ, അന്തരീക്ഷൻ, ശ്രവണൻ, വസു, വിഭാസു, നഭസ്വാൻ, അരുണൻ തുടങ്ങിയ അസുര പ്രമുഖരെ നിഗ്രഹിച്ചു. അവസാനം നരകാസുരൻ നേരിട്ട് പടക്കളത്തിലെത്തി. തുടർന്നുള്ള ഉഗ്രയുദ്ധത്തിൽ നരകാസുരൻ വധിക്കപ്പെട്ടു. ശ്രീകൃഷ്ണൻ അസുര ശക്തിക്ക് മേൽ വിജയം നേടിയ വസന്തകാല ദിനമാണ് വിഷുവെന്നാണ് ഐതിഹ്യം.

രണ്ടാമത്തെ ഐതിഹ്യം രാവണനുമായി ബന്ധപ്പെട്ടതാണ്. രാക്ഷസ രാജാവായ രാവണൻ ലങ്ക ഭരിക്കുന്ന കാലം. ഒരിക്കൽ സൂര്യപ്രകാശത്തിന്റെ വെയിൽ കൊട്ടാരത്തിനകത്ത് എത്തിയത് രാവണന് ഇഷ്ടപ്പെട്ടില്ല. അതിനെ തുടർന്ന് രാവണൻ സൂര്യനെ നേരെ ഉദിക്കുവാൻ അനുവദിച്ചില്ല. പിന്നീട് ശ്രീരാമൻ ലങ്കയിലെത്തി രാവണനെ നിഗ്രഹിച്ച ശേഷമാണ് സൂര്യൻ നേരെയുദിക്കുവാൻ തുടങ്ങിയത്. ഈ സംഭവത്തിൽ ജനങ്ങളുടെ ആഹ്ലാദം ആഘോഷമായതാണ് വിഷു എന്നാണ് ഐതിഹ്യം.

(തുടരും)

(തുടരും)

Energy Briefs 5

Er Subha T.G.
Assistant Executive Engineer

1. Rooftop solar installations fall 26 per cent to 367 MW in January-March:

Rooftop solar capacity installations in India registered a 26 percent year-on-year decline to at 367 megawatts during January-March period, mainly on account of rise in input cost, The country had witnessed 485 megawatt (MW) of rooftop solar installations during the first quarter of 2023, India added 367 MW of rooftop solar in the March quarter. Installations fell nearly 10 per cent quarter-over-quarter from 406 MW and dropped over 24 percent year-on-year from 485 MW, the report titled 'Q1 India Rooftop Solar Market' said. India's cumulative rooftop solar capacity was 10.8 GW as of March 2024.

The drop in installations was largely a result of application processing delays faced by residential customers due to oversubscription under the PM SURYA GHAR: MUFT BIJLI YOJANA programme. The rise in module prices to comply with domestic content requirements (DCR) further contributed to reduced capacity additions under the SURYA Gujarat program..The industrial segment led quarterly capacity additions, comprising almost 57 per cent of installations. Commercial, residential, and government segments accounted for around 28 per cent, 14 per cent, and 1.1 per cent of capacity additions, respectively.

Although rooftop solar is off to a slow start, 2024 could be a breakout year if the government's residential rooftop programme with attractive incentives. The challenge is on the supply side, a short supply of inverters and certain components, availability of skilled labour, and concerns over the ability of installers and government agencies to handle the rush is keeping the sector up at night.Gujarat, Maharashtra, Haryana, Kerala, and Karnataka led in the rooftop solar additions in the quarter. The top-five states accounted for more than 67 per cent of the quarter's installations.

Courtesy: Energy world .com

2. Upgrading of system – to start with Laterals

As many as 70% of outage-driving disturbances on overhead lateral lines are temporary caused by factors like wildlife, weather, and vegetation the industry has been slow to adopt existing solutions that would tackle this low-hanging fruit.

By addressing this number (70%), we can:

- Improve overall grid reliability and resilience
- Boost customer satisfaction
- Deliver qualitative benefits that can boost the industry and your utility

Overhead laterals are the most exposed part of the grid. And given that the average distribution circuit has 21 laterals, introducing a smart device to mitigate the bulk of outages can have an immediate impact—both for the utility and customers. The benefits add up quickly, especially if crews often travel long distances to reach faults at the grid edge.

Many benefits of lateral upgrades can be quantified, including:

- O&M savings: Reducing nuisance outages saves on unnecessary truck rolls and associated costs. In fact, a lateral automation upgrade could pay for itself in just a few avoided truck rolls.
- Increased reliability and resilience: Simply put, we need to keep the power on—even during ever-worsening storms. Overhead lateral upgrades can drastically improve metrics in this area, as demonstrated by the numerous utilities that have deployed such devices and seen improvements in SAIDI, SAIFI, and average number of sustained outages.
- Improved customer satisfaction: A stronger grid closer to home results in an improved customer experience. Fewer momentary interruptions can translate into fewer customer complaints.

Chithirapuram Unit AGB Meeting

Kozhikode Unit AGB Meeting

Alappuzha Unit AGB Meeting

Kollam Unit AGB Meeting

KSEB ENGINEERS' ASSOCIATION
Hydel Bullet Monthly
RNI Reg. No. KERENG/2013/48628

Price ₹ 10
Postal Reg. No. KL/TV(N)/645/2022-2024
Date of Publication 30.05.2024

Kasaragod Unit AGB Meeting

Kottayam Unit AGB Meeting



Muvattupuzha Unit AGB Meeting

Edited, Printed & Published by Er Rajesh D.S., Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com

For private circulation only